Registered No. M-4485 Madras War Review, Malayalam—15-12-1944

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1944 ഡിസെമ്പർ 15-ാംനു, വെള്ളിയാഴ്ച [ലക്കം 15



സാമുവൽ രംഗനാഥൻ

## ഞങ്ങളുടെ തീരുമാനം


ഇന്ത്യ, അതിന്റെ പഴയ ജീവിതരീതിയെ നിർത്തിക്കഴിഞ്ഞിരിക്കുന്നു. വിശ്വാസത്തോടും ആശയോടുംകൂടെ മാഹാത്മ്യമേറിയ ഒരു ലക്ഷ്യം അടയുന്നതിന്നുവേണ്ടി ഭാരതം ഇന്നു ഭാവിയിലേക്കു ഉറ്റുനോക്കുകയാണ്. ലോകജീവിതത്തിൽ പരിപൂർണ്ണമായി പങ്കെടുക്കുന്നതിന്നു എതിരും ഹാനികരവുമായ തടസ്സങ്ങളെ മുഴുവനും തട്ടിത്തകർക്കണമെന്നുള്ള തീരുമാനത്തിൽ, ഗവർമ്മേണ്ടും ജനങ്ങളും ഐക്യതയോടെയാണ് വർത്തിക്കുന്നതു്.

ഈ ഉദ്ദേശസിദ്ധിക്ക്, ബ്രിട്ടന്റേയും ഐക്യരാഷ്ട്രങ്ങളിലെ മറ്റു അംഗങ്ങളുടേയും സഹായസഹകരണത്തോടുകൂടി, അജ്ഞത, ദാരിദ്ര്യം, രോഗം ഈ ദോഷങ്ങളെ എതിർക്കുവാൻ വേണ്ട പാശ്ചാത്യരീതിയിലുള്ള ശാസ്ത്രീയവ്യവസ്ഥകൾ ഇന്ത്യക്കു സിദ്ധിക്കുന്നതായിരിക്കും.

—സർ സാമുവൽ രംഗനാഥൻ (ഹൈ കമീഷണർ ഫോർ ഇന്ത്യ) ലണ്ടൻ സർവ്വകലാശാലയിൽ, ഇന്ത്യയെ സംബന്ധിച്ച പഠനരീതിയെ ഉൽഘാടനം ചെയ്തുകൊണ്ടു 1944 ഡിസെമ്പർ 9-ാം തിയ്യതി ചെയ്ത പ്രസംഗത്തിൽനിന്ന്

## വിഷയവിവരം


| | ഭാഗം | | ഭാഗം |
|---|---|---|---|
| ഞങ്ങളുടെ തീരുമാനം .. .. .. | 1 | സമര ഗാനം .. .. .. .. | 8 |
| കച്ചവടക്കപ്പലുകൾക്കു അഭിനന്ദനം .. .. | 2 | യുദ്ധരംഗത്തിലെ നമ്മുടെ യോദ്ധാക്കന്മാർ .. | 9 |
| വിഷമമായ ഒരു സമരം .. .. .. | 3, 8 | സ്റ്റാസേനിജയമ്മ .. .. .. | 10 |
| ആഴ്ചക്കുറിപ്പുകൾ .. .. .. | 4–5 | സോവിയററുനാട്ടിലെ സമരപത്രങ്ങൾ .. | 11 |
| ജൈത്രയാത്ര .. .. .. .. | 6 | ഇന്ത്യൻഭടൻ .. .. .. | 11 |
| മണ്ണെണ്ണയുടെ കുഴപ്പം തീർന്നു .. .. | 7 | അവർ ചോദിച്ചപ്പോൾ .. .. .. | 12 |

# കച്ചവടക്കപ്പലുകൾക്കു ഒരഭിനന്ദനം

"കച്ചവടക്കപ്പലുകളുടെ പ്രവൎത്തനങ്ങളെപ്പററി വളരെ കുറച്ചേ പ്രസ്താവിക്കപ്പെടാറുള്ളു. അതങ്ങിനെ ആയിക്കൂടാ. സന്ദേശവാഹനനിരകളുടെ ഗുണത്തെ ആശ്രയിച്ചുമാത്രമല്ല ഒരു സൈനികവിജയം സ്ഥിതിചെയ്യുന്നതു്. സാമാനങ്ങളുടെ ശരിയായ ഗതാഗതവ്യവസ്ഥയും അതിനെ നിയന്ത്രിയ്ക്കുകയും നിൎവ്വഹിയ്ക്കുകയും ചെയ്യുന്ന ആളുകളുടെ ഉൗർജ്ജസ്വലതയും ദൃഢനിശ്ചയവും ഇല്ലാത്തപക്ഷം ഒരു യുദ്ധവും സാദ്ധ്യമല്ല. ബ്രിട്ടീഷുകാരും ഇന്ത്യക്കാരുമായ സേനകൾ ചെയ്യു യുദ്ധങ്ങൾക്കു വേണ്ട സജ്ജീകരണങ്ങളും സാമഗ്രികളും എത്തിച്ചുകൊടുക്കുന്നതു ഒട്ടു മുക്കാലും കപ്പലുകളാണു്. ഇതു സവിശേഷവും സജീവവും ആയ ഒരു പ്രവൃത്തിയാണു്—നമ്മുടെ ജീവരക്ഷയ്ക്കും വിജയത്തിനും അത്യാവശ്യമായ ഒന്നു. അസൌകര്യങ്ങളും ആപത്തും നിറഞ്ഞ പരിതസ്ഥിതികൾക്കിടയിലാണു് അവർ പ്രവൎത്തിച്ചുവരുന്നതു്. ഈ സംഗതി തികച്ചും അറിയപ്പെട്ടിട്ടില്ല.

സൎവ്വ സൈന്യാധിപനെന്ന നിലയ്ക്കു ഞാനിതിന്നു എത്രമേൽ കടപ്പെട്ടിരുന്നുവെന്നു എനിക്കറിയാം. ഇന്ത്യയിലെ വൈസ്റോയി എന്ന നിലയിൽ ഇന്നതിന്നു് എത്രമാത്രമാണു് കടപ്പെട്ടിരിക്കുന്നതെന്നും എനിയ്ക്കറിയാം.

### സ്വന്തം പൌരന്മാരാൽ നടത്തപ്പെടുന്ന കപ്പൽഗതാഗതം ഇന്ത്യക്കാവശ്യമാണു്

ഇന്ത്യയിൽ വ്യാപാരക്കപ്പലുകളുടെ അഭിവൃദ്ധി വളരെ പ്രധാനമാണു്. ഇന്ത്യയെപ്പോലെ അത്രമേൽ വിസ്തീൎണ്ണവും നീളവുമുള്ള കടൽക്കരകൾ രണ്ടു മൂന്നു രാജ്യങ്ങളിലേ ഉള്ളു. തന്മൂലം ഇന്ത്യയിലെ നാവികവ്യവസ്ഥ ശക്തവും, ഇന്ത്യക്കാരാൽ നടത്തപ്പെടുന്നതുമായിരിക്കണമെന്നാണു് എന്റെ അഭിപ്രായം. 'ഡഫറിനിൽ' വെച്ചു നൽകാൻ ഉദ്ദേശിയ്ക്കുന്ന പരിശീലനത്തിന്നു വളരെയധികം സ്ഥാനാൎത്ഥികളുണ്ടെന്നു അറിഞ്ഞു ഞാൻ വളരെ സന്തോഷിക്കുന്നു.

### സ്വഭാവമാണു് പ്രധാനം

നിങ്ങളുടെ സേവനത്തിൽ സൎവ്വോപരിയായ സംഗതി സ്വഭാവമാണെന്നു് നിങ്ങളെല്ലാം മനസ്സിലാക്കുമെന്നു എനിക്കുറപ്പുണ്ടു്. പേടിത്തൊണ്ടനേയും സംശയാലുവേയും കടലിലെ പ്രവൃത്തിയ്ക്കു് പററുകയില്ല. സ്വഭാവത്തിന്റെ ഏററവും ഉത്തമനായ പ്രായോഗിക പരിശോധകൻ കടലാണെന്നാണു് എന്റെ അഭിപ്രായം. അശക്തതയൊ, മടിയൊ, അശ്രദ്ധാനശീലമില്ലായ്മയൊ കണ്ടെത്തുന്നപക്ഷം ഇന്നല്ലെങ്കിൽ നാളെ ആയാൾ ശിക്ഷിക്കപ്പെടുന്നു. 'കട്ടപ്പമേറിയ ഒരു ജീവിതപരിശോധന; പക്ഷെ ഒരു മനുഷ്യജീവിതത്തിന്റെ പരിശോധനയാണതു്. കടലിലേയ്ക്കു പോകുന്ന മനുഷ്യന്റെ ഹൃദയത്തിന്റെ നാലുപുറവും തേക്കും പിച്ചളയുമായിരിക്കണം' എന്നാണു് ലാററിൻ കവിയായ ഹൊറാസ് പറയുന്നതു്. ഇന്നാണു് അദ്ദേഹം അതെഴുതിയിരുന്നതെങ്കിൽ തേക്കിന്നുപകരം ഉരുക്കെന്നു് ഉപയോഗിക്കുമായിരുന്നു."

—ബോമ്പെയിൽ ഡിസെമ്പർ 7-ാംനു 'ഡഫറിൻ' പരിശീലനക്കപ്പലിലെ വാൎഷിക സമ്മാനദാനവേളയിൽ അദ്ധ്യക്ഷം വഹിച്ച എഫ്. ഇ. വൈസ്റോയി വേവൽ പ്രഭു ചെയ്യു പ്രസംഗത്തിൽ.

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1944 ഡിസെമ്പർ 15-ാംനു, വെള്ളിയാഴ്ച


## വിശിഷ്ടമായ ഒരു സമരം

1943 നവെമ്പർ 9-ാം തിയ്യതി വാഷിങ്ങ്ടനിലെ "വൈററ് ഹൌസിൽ" വെച്ചു് ഐക്യരാഷ്ട്രങ്ങളിൽനിന്നും മററു ദേശങ്ങളിൽനിന്നുമുള്ള പ്രതിനിധികൾ സമ്മേളിക്കുകയുണ്ടായി. നാല്പത്തിനാലു രാഷ്ട്രങ്ങളെ ഇവർ പ്രതിനിധീകരിച്ചിരുന്നു. ഫാസിസ്റ്റാക്രമത്തിന്നു പാത്രീഭൂതരായവരെ സഹായിക്കുന്നതിന്നു പ്രാപ്തിയുള്ളേടത്തോളം തങ്ങളുടെ രാജ്യത്തിന്റെ സഹകരണം രേഖപ്പെടുത്തുന്നതിന്നായിരുന്നു അവർ അവിടെ സമ്മേളിച്ചതു്. അങ്ങനെ യുദ്ധത്തിൽനിന്നു് "യുനൈറെറഡ് നേഷൻസ് റിലീഫ് ആൻറ് റിഹേബിലിറേറഷൻ അഡ്മിനിസ്ട്രേഷൻ (യു.എൻ.ആർ.ആർ.എ.) എന്ന സംഘടന സമുത്ഭവിച്ചു. കോൺഗ്രസ്സിന്നു താൻ സമർപ്പിച്ച ആദ്യത്തെ റിപ്പോർട്ടിൽ, അടുത്തുതന്നെ ഈ സംഘടന പ്രവർത്തനം ആരംഭിക്കുന്നതാണെന്നു പ്രസിഡെണ്ട് റൂസ്‌വെൽട്ടു് പ്രസ്താവിക്കുകയുണ്ടായി. പ്രവർത്തനത്തിന്റെ വ്യാപ്തിയെപ്പററിയും മുൻഗണനകൾ നൽകേണ്ടതായ ദയനീയസ്ഥിതികളെപ്പററിയും അദ്ദേഹം വെളിപ്പെടുത്തുകയുണ്ടായി.

### രോഗബാധിതമായ ലോകത്തിന്നുള്ള ആദ്യചികിത്സ

രോഗബാധിതമായ ഒരു ലോകത്തിന്നുള്ള ആദ്യചികിത്സയാണിതു്. യു. എൻ. ആർ. ആർ. എ. സംബന്ധിച്ച തീരുമാനത്തിൽ ഈ സംഘടനയുടെ ഉദ്ദേശത്തേയും ലക്ഷ്യത്തേയും പററി ഇങ്ങിനെ വിവരിക്കുന്നു: ഐക്യരാഷ്ട്രങ്ങളുടെ സൈനികശക്തികളാൽ മോചിപ്പിക്കപ്പെട്ടതോ, ശത്രുവിന്റെ പിൻവാങ്ങൽമൂലമായോ ഉള്ള ഒരു രാജ്യത്തിലെ ജനങ്ങളെ കഷ്ടതകൾ, ഭക്ഷണമില്ലായ്മ, വസ്ത്രദൌർഭിക്ഷം ഇവയിൽനിന്നു രക്ഷിക്കുകയും, അവരുടെ ആരോഗ്യത്തിന്നു് വേണ്ട സൌകര്യങ്ങൾ നൽകുകയും, അഭയം കൊടുക്കുകയുമാണു് ഈ സംഘടനയുടെ ഒരു കൃത്യം. പ്രധാനമായ മറെറാരു കൃത്യം, തടവുകാരെയും, നാടുകടത്തപ്പെട്ടവരെയും സ്വരാജ്യത്തേക്കു തിരിച്ചുപോവുന്നതിന്നു സഹായിക്കുകയാണു്. പിന്നീടുള്ളതു് ഓരോ രാജ്യത്തും അവശ്യസേവനങ്ങളെ വീണ്ടും നടപ്പിലാക്കുകയും, അവിടങ്ങളിൽ അത്യാവശ്യമായി വേണ്ട കാർഷികവും, വൈയവസായികവുമായ ഉല്പാദനം ആരംഭിക്കുന്നതിന്നു സഹായിക്കുകയുമാണു്.

ലോകം ഇതേവരെ ചെയ്യാൻ തുനിയാത്ത അത്രമേൽ മഹനീയമായ ഒരു സേവനത്തിന്നാണു് യു. എൻ. ആർ. ആർ. എ. ഒരുമ്പെടുന്നതു്. ഐക്യരാഷ്ട്രങ്ങളുടെ പ്രചരണസംഘടനയിൽനിന്നു് (യുനൈറെറഡ് നേഷൻസ് ഇൻഫർമേഷൻ ഓർഗനൈസേഷൻ) പ്രസിദ്ധീകൃതമായ ഒരു ലഘുപുസ്തകത്തിന്റെ പേർ "തങ്ങളെത്തന്നെ സഹായിക്കുന്നതിന്നു വേണ്ടിയുള്ള ജനങ്ങളെ സഹായിക്കൽ" എന്നാണു്. ഈ പ്രസിദ്ധീകരണത്തിൽ തിട്ടപ്പെടുത്തിയപ്രകാരം സ്വതന്ത്രമാക്കപ്പെട്ട യൂറോപ്പിലും ഏഷ്യയിലും കൂടി ഒട്ടാകെ 84,000,000 ജനങ്ങൾക്കു സഹായം ആവശ്യമായിവരുമത്രേ. പ്രസിഡെണ്ട് റൂസ്‌വെൽട്ടു് നൽകിയ സംഖ്യകൾ യൂറോപ്പിൽനിന്നു മാറിത്താമസിക്കപ്പെട്ട 20,000,000 പേരും, മററുള്ള 25,000,000 പേർ ജപ്പാനെ ഭയന്നു ചൈനയിൽനിന്നും ഓടിപ്പോയവരെ സംബന്ധിച്ചതാണു്.

കുടുംബങ്ങൾ വേറാക്കപ്പെട്ടിരിക്കുന്നു, ഛിന്നഭിന്നമാക്കപ്പെട്ടിരിക്കുന്നു. മാത്രമല്ല, പല കുടുംബങ്ങളേയും നാടുകടത്തിയിരിക്കുന്നു. ഉദാഹരണമായി ജർമ്മനിയിലെ യുദ്ധവ്യവസായങ്ങളിൽ ജോലി ചെയ്യുന്നതിന്നായി നിർബന്ധിക്കപ്പെട്ട 1,800,000, ഫ്രഞ്ചുകാരുണ്ടു്; അവരുടെ സ്വദേശത്തേയ്ക്കു കൊണ്ടുവരുന്നതിന്നു്, ദിനംതോറും 24 തീവണ്ടികൾ ഓടിയാൽ തന്നെ 3 മാസം വേണ്ടിവരും. ഇവരെക്കൂടാതെ ലക്ഷക്കണക്കിൽ യുദ്ധത്തടവുകാരുണ്ടു്; കോൺസെൻട്രേഷൻ ക്യാമ്പിലിലുമുണ്ടു (അവർ ആരെങ്കിലും ജീവിക്കുന്നപക്ഷം); കൂടാതെ അഭയാർത്ഥികളും, വീടില്ലാതെ യൂറോപ്പിലും ചൈനയിലും അങ്ങുമിങ്ങും തെണ്ടിത്തിരിഞ്ഞു നിരവധി നിസ്സഹായരുമുണ്ടു്.

ഇവർക്കു് പ്രാഥമികമായി വേണ്ടതു ഭക്ഷണം, വസ്ത്രം, വൈദ്യസഹായം ഇവയെല്ലാമാണു്. ജർമ്മൻകാർ പിൻവാങ്ങിയ ഇടങ്ങളിലെല്ലാം പട്ടിണിയുടെ വിത്തു വിതച്ചിട്ടാണു് പോയതു്. അവർക്കു എടുക്കാവുന്നേടത്തോളം ആഹാരസാമഗ്രികൾ അവർ കവർന്നുകൊണ്ടുപോയി. ഗ്രീസ്, പോളണ്ട്, ഇററലി, നീതർലാണ്ട്സ്, ഈ സ്ഥലങ്ങളിലെ വാഹനസൌകര്യങ്ങളും, ഗതാഗതവ്യവസ്ഥകളും, അവർ തകർത്തുകളഞ്ഞു. തന്മൂലം മിച്ച പ്രദേശങ്ങളിൽനിന്നു ഈ രാജ്യങ്ങളിലേക്കു ഭക്ഷണപദാർത്ഥങ്ങൾ കൊണ്ടുപോവുന്നതു വളരെയധികം വിഷമമായി വന്നിരിക്കുന്നു.

### നാസിക്കാട്ടാളത്തത്തിന്റെ പേക്കൂത്തുകൾ

നാസികളുടെ കാട്ടാളരീതികളെപ്പററി വായിക്കുമ്പോൾ, നമുക്കു ഏററവും നീചനും നിന്ദ്യനുമായ ഹിറോഡു ഒരു ശാന്തനും സൽസ്വഭാവിയുമായ ഒരു വൃദ്ധനാണെന്നുകൂടി തോന്നിപ്പോവും. ആയാളും ഒരു കൊലയാളിയായിരുന്നു. ജർമ്മൻകാർ കൊള്ളുകമാത്രമല്ല, അവരുടെ ബലിവസ്തുക്കളെ ക്രമേണ കൊന്നുകൊണ്ടിരുന്നു. അവർ അക്രമങ്ങളും അഴിമതികളും നടത്തി; കൊച്ചുകുഞ്ഞുങ്ങളെ പട്ടിണികിടത്തി. ആധുനികലോകത്തിൽ ആരും ചെയ്യാത്തവിധത്തിലുള്ള ക്രൂരതകൾ അവർ ചെയ്തു.

പ്രസിഡെണ്ടു റൂസ്‌വെൽട്ടിന്റെ റിപ്പോർട്ടിൽ ആവർത്തിച്ചു വായിച്ചുനോക്കേണ്ട മൂന്നു സംഗതികളുണ്ടു്. അപ്പോൾ, നാസികളുടെ കിരാത നടപടികളാകമാനം എത്രമാത്രം ഭയാനകമാണെന്നു മനസ്സിലാവുന്നതാണു്.

ഒന്നു, പട്ടിണികൊണ്ടു മരിച്ചുപോയ അത്രപേർ തന്നെ, വസ്ത്രങ്ങളില്ലാഞ്ഞും മൃതരായി.

രണ്ടു, യൂറോപ്പിലൊട്ടാകെയും, വേണ്ടത്ര ഭക്ഷണം ലഭിക്കാഞ്ഞിട്ടു ആയിരക്കണക്കിൽ കുട്ടികൾ മരിച്ചുപോയി.

മൂന്നു, പകർച്ചവ്യാധികൾ പലയിടങ്ങളിലും പരന്നിരിക്കുന്നു (സോപ്പില്ലാഞ്ഞിട്ടാണു് ശുചിയായിരിക്കാൻ സാധിക്കാതെ വന്നതു.)

ഈ നീചവും, നിന്ദ്യവും, മൃഗീയവുമായ നാസികൾക്കെതിരായി ഓരോ രാജ്യത്തിലേയും ജനങ്ങൾ ഉയിർത്തെഴുന്നേററു സമരം ചെയ്തതിൽ അതിശയിക്കാനില്ല. ഭൂമുഖത്തു പല സ്വേച്ഛാപ്രഭുത്വങ്ങളുമുണ്ടായിട്ടുണ്ടു്; പക്ഷേ ഇതുപോലെയൊന്നു തീർച്ചയായും ഉണ്ടായിട്ടില്ല തന്നെ. റൂസ്‌വെൽട്ടു് ജനകീയ ഹൃദയത്തിലുള്ള ആ ചിന്തകൾക്കു ഇങ്ങിനെ രൂപം കൊടുത്തു "നാസികളെ ആദ്യം മുതൽ തന്നെ പോരാടിയിരുന്ന അവർക്കു ലോകം വളരെയധികം കടപ്പെട്ടിരിക്കുന്നു. അവരുടെ സ്വന്ത നാട്ടു് ശത്രുവിന്നധീനമായിട്ടും, വീണ്ടും പൊരുതിവരുന്ന ആ സ്വതന്ത്ര ജനങ്ങൾ നാസികളുടേയും ജാപ്പുകളുടേയും മർദ്ദനത്തെ ഉന്മൂലനാശം ചെയ്യുന്നതിന്നു വളരെ സഹായിക്കുന്നുണ്ടു്."

അടിയന്തരാവശ്യമായ സഹായങ്ങൾക്കു, സഖ്യസേനകൾക്കുവേണ്ടിയുള്ള ശേഖരത്തിൽനിന്നാണെടുക്കുന്നതു്. ഗ്രീസിന്നു ബ്രിട്ടൻ നൽകിയതു് ഈ വിധത്തിലായിരുന്നു. സപ്തെമ്പർ 30-ാംനു പുറപ്പെടുവിച്ച ഒരു റിപ്പോർട്ടു പ്രകാരം യു. എൻ. ആർ. ആർ. എ. യിൽ 1,700 ഉദ്യോഗസ്ഥന്മാരുണ്ടു്. ഈ പ്രവർത്തകന്മാർ പരിശീലനവും, പരിചയവും, പരിജ്ഞാനവും പ്രാപ്തിയും ഉള്ളവരാണു്. അവർ പല വിഭാഗത്തിലുൾപ്പെട്ടതും, വിവിധഭാഷകൾ സംസാരിക്കുന്നവരുമായ ജനസമൂഹങ്ങൾക്കിടയിലാണു് പ്രവർത്തിച്ചുവരുന്നതു്. യൂറോപ്പിലും, ചൈനയിൽ ചുങ്കിങ്ങിലും, ആസ്ത്രേലിയയിൽ സിഡ്നിയിലും ഇത്തരം പ്രവർത്തകന്മാരുണ്ടു്. ചിലർക്കു സപ്ലൈകൾ വരുന്നതിന്നു വേണ്ടിയും, മററു ചിലർക്കു അവ ശരിയാം വിതരണം ചെയ്യുന്നതിന്നും പ്രവർത്തിക്കണം.

ഇതിന്നുവേണ്ടിവരുന്ന പണം ഏതാണ്ടു് 7,80,00,00,000 ക. യായിരിക്കുമെന്നാണു് കണക്കാക്കിയിരുന്നതു്. ഇതിന്നുവേണ്ടി യു. എൻ. ആർ. ആർ. എ. യിൽ ഒപ്പിട്ട ചെറുതും വലുതുമായ 44 ദേശങ്ങളുടെ സംഭാവനമൂലമുള്ള ഒരു "ലോകസമുദായ ഭണ്ഡാരം" ഏർപ്പെടുത്തി

(ശേഷം 8-ാം പേജിൽ)

# ആഴ്ചക്കുറിപ്പുകൾ

## ജർമ്മനിക്കു് പററുന്ന ആൾനഷ്ടം

ജർമ്മനി അത്യധികം ഗൌരവമായ രീതിയിൽ ഞെക്കിഞെരുക്കപ്പെട്ടിരിക്കുന്നു. ഡോക്ടർ ഗോബൽസിൻെറ ഡാസ്റീച്ച് പത്രത്തിൽ, എന്തുതന്നെ എഴുതിയാലും, അവ വായിക്കുന്ന ജനങ്ങൾ എന്തു തന്നെ കരുതിയാലും ശരി, ജർമ്മനിയുടെ നില വളരെ അപായകരമാണെന്നതിന്നു യാതൊരു സംശയവുമില്ല. ഗോബൽസ് തന്നെ ഒരിടത്തു ഈ സംഗതി സമ്മതിക്കുന്നു: "നാം ഇടതൂർന്നു നിന്നു പൊരുതണം" ഡിസെമ്പർ 7-ാംനു- അയാൾ എഴുതി, "ഇതിന്നു പല ഗുണങ്ങളും (!) മുണ്ടാവാം. പക്ഷെ ദൂഷ്യങ്ങളുമുണ്ടു്. വിദേശ വിമാനങ്ങൾക്കു തുളച്ചു കയറുന്നതിന്നു വിഷമതകളുണ്ടാക്കുന്നതിന്നു ഉന്മാദത്തോടെ നാം പ്രവർത്തിച്ചുവരുന്നു." പാവപ്പെട്ട ഗോബൽസ്! പഴയ പുലമ്പലിൽനിന്നു ഇന്നു ആയാൾ എത്ര കണ്ടു താണുപോയിരിക്കുന്നു. ഏതായാലും തൻെറ ചെപ്പടിവിദ്യകളും മുറിവൈദ്യവും പരീക്ഷിച്ചു നോക്കുന്നതിന്നു വൈകിപ്പോയി എന്നു ഡോക്ടർ മനസ്സിലാക്കുന്നുണ്ടോ, ആവോ! ജർമ്മൻകാർ ഇന്നു സഖ്യസേനാവിമാനങ്ങളുടെ ഗർജ്ജനവും, ബോമ്പിൻെറ മുരളിച്ചയുമല്ലാതെവേറൊന്നും തന്നെ കേൾക്കുന്നില്ല; തന്മൂലം ഉണ്ടാവുന്ന ദുരിതശതങ്ങൾ അവർ അനുഭവിച്ചുവരുന്നു. ഇതേ മാതിരിത്തന്നെയുള്ള കഷ്ടതകളാണു് പണ്ടു തങ്ങളുടെ അയൽവക്കക്കാരുടെ നേക്കു് ഇവർ സന്തോഷപൂർവ്വം ഉപയോഗിച്ചിരുന്നതു്.


റൈനിലേയ്ക്കുള്ള പുരോഗതി തുടർന്നു തന്നെ വരുന്നു. ഒരോന്നൊരോന്നായി എല്ലാ നിരോധശ്രമങ്ങളും തകർന്നുവീണുകഴിഞ്ഞു. മുൻപു പ്രതീക്ഷിച്ചപോലെ കൊളോണിലെയ്ക്കും കോബ്ലൻട്സിലേക്കും ഉള്ള പുരോഗമനം തെരുവുയുദ്ധങ്ങൾ മൂലം, സാവധാനത്തിൽ മാത്രമാണു്. എന്നാൽ ഈ ആഴ്ചയിൽ വെളിപ്പെടുത്തിയ കണക്കുപ്രകാരം, ജർമ്മനിയുടെ മനുഷ്യശക്തിയെ ഇതെത്രമാത്രം വററിക്കുന്നുണ്ടെന്നു് മനസ്സിലാക്കാം. 22 ദിവസങ്ങൾക്കുള്ളിൽ ജർമ്മൻകാക്കു് 152,000 ഭടന്മാർ നഷ്ടമായി; അതായതു, ദിനംപ്രതി 5,600 പേർ. ഫ്രാൻസിൽ തന്നെ ജർമ്മൻകാക്കു് 1,150,000 പേർ നഷ്ടപ്പെട്ടിട്ടുണ്ടെന്നു ഫ്രഞ്ചു ഔദ്യോഗിക കണക്കുകൾ പ്രകാരം കാണുന്നു.

## ആകാശാക്രമണം.

ആകാശയുദ്ധത്തിലാണു് സഖ്യസേനകളുടെ വിജയം കൂടുതൽ പ്രത്യക്ഷപ്പെട്ടു കാണുന്നതു്.

കഴിഞ്ഞ ആഴ്ചയിൽ നവെമ്പറിൽ 53,000 ടൺ ബോമ്പുകൾ ജർമ്മനിയിൽ ആർ. എ. എഫ്. വർഷിച്ചിട്ടുണ്ടെന്നു് ഞങ്ങൾ പ്രസ്താവിച്ചിരുന്നു. ഈ തുക കൂടാതെ അമേരിക്കൻ വിമാനസേന 55,000 ടൺ ബോമ്പുകൾകൂടി വർഷിയ്ക്കുകയുണ്ടായി. അപ്പോൾ ആകപ്പാടെ 108,000 ടൺ ബോമ്പുകൾ, ജർമ്മനിയിലെ എണ്ണപ്പാടങ്ങൾ, റയിൽവെപ്പാതകൾ, എന്നിവകളിൽ വീഴുകയുണ്ടായി. ഡോക്ടർ ഗോബൽസ് പരിഭ്രമിക്കുന്നുണ്ടെങ്കിൽ അതിൽ അതിശയിക്കേണ്ടതില്ല. ജർമ്മൻകാക്കു പററിയ വിമാനനഷ്ടം 6,000 മാണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. കൂടുതൽ വിശദമാക്കുന്നതിന്നു ഒരു ഉദാഹരണമെടുക്കുക, ഡിസെമ്പർ 6-ാംനു- സഖ്യവിമാനങ്ങൾ ബെർലിനിൽ ബോമ്പുചെയ്തപ്പോൾ, 91 ജർമ്മൻ വിമാനങ്ങൾ നശിച്ചതായി തിട്ടപ്പെടുത്തിരിക്കുന്നു. ജർമ്മൻകാർ ഇപ്പോഴും ജർമ്മൻ മണ്ണിനെപ്പററി പറയുമായിരിക്കാം; പക്ഷെ ആകാശം അവരുടെതല്ല.

# ലോകമഹായുദ്ധം ഇങ്ങിനെ കാണുക







## "പാവപ്പെട്ട പഴയ യൂറോപ്പിൻെറ" സുശോഭനമായ വശം

ഗ്രീസിനെ സംബന്ധിച്ച ഒരു വിവാദത്തിൽ മി. ചർച്ചിൽ "പാവപ്പെട്ട പഴയ ബ്രിട്ടൻ" എന്നു പ്രസ്താവിക്കുകയുണ്ടായി, അതേമാതിരിത്തന്നെ "പാവപ്പെട്ട വൃദ്ധനായ യൂറോപ്പു്" എന്നും അദ്ദേഹത്തിന്നു പറയാമായിരുന്നു, കാരണം, ഐക്യ രാഷ്ട്രങ്ങളിലെ അംഗങ്ങളുടെ എല്ലാം കാര്യങ്ങൾ അന്യോന്യബന്ധിതമായതിനാൽ, ഗ്രീസിലെ ജനങ്ങൾ അനുഭവിച്ചുവരുന്ന ദുരിതങ്ങളും, കഷ്ടതകളും യുദ്ധത്തിലെ പൊതുദുരിതത്തിൻെറ ഒരു വശമാണു്. ഒരു പക്ഷെ, "ജനങ്ങൾ ആവശ്യമുള്ളതു് ആശയസമുച്ചയങ്ങളല്ല, ഒരു ഉറച്ച ഗവമ്മേണ്ടു്, ഭക്ഷണം, വസതി; ജോലി ഇവകളാണെന്നു" ഏൾ വിൻടൎട്ടൻ പ്രസ്താവിച്ചപ്പോൾ ഇതു തന്നെയായിരിക്കണം ഉദ്ദേശിച്ചിരിക്കുക. നാസികളാൽ അക്രമിക്കപ്പെട്ട താറുമാറായ രാജ്യങ്ങൾക്കൊക്കെയും, ഇപ്പോൾ ഇവ അടിയന്തരാവശ്യമായിത്തീൎന്നിരിക്കുന്നു. യൂറോപ്പിലെ രാഷ്ട്രങ്ങൾക്കു അക്രമത്തിന്നെതിരായ കൂട്ടുരക്ഷ അത്യാവശ്യമാണു്. ഈയിടെ മോസ്കോവിൽവെച്ചു ഫ്രാൻസും, റഷ്യയും തമ്മിൽ ഒപ്പിട്ട ഉടമ്പടിയും ഇതു തന്നെയാണു് തെളിയിക്കുന്നതു്. സോവിയററ് യൂനിയനും ബ്രിട്ടനും തമ്മിൽ മുമ്പെത്തന്നെ 20 കൊല്ലത്തേക്കുള്ള ഉടമ്പടി ചെയ്തുവെച്ചിട്ടുണ്ടു്. യൂറോപ്പിലെ ഈ സുശക്തമായ കൂട്ടുകെട്ടു സ്വാഗതാർഹമാണു്. കാരണം, ഈ രാഷ്ട്രത്തിലെ നേതാക്കൾ ജനകീയസിദ്ധാന്ത വിശ്വാസികളാണു്. ഇന്നത്തെ യൂറോപ്പിൻെറ സുശോഭനവശം ഈ സുദൃഢമായ ഐക്യബന്ധമാണു്.

## ഹങ്കറിയിലേയും ഇററലിയിലേയും യുദ്ധങ്ങളുടെ സൈനിക മർമ്മം

ജർമ്മൻകാക്കെതിരായി ഹങ്കറിയിൽവെച്ചു നടത്തുന്ന ആക്രമണത്തിൽ റഷ്യക്കാർ ഉഗ്രമായി പൊരുതുന്നു. മൂന്നു വമ്പിച്ച സേനകളെ ബുഡാപെസ്റ്റിന്നു ചുററും നിയോഗിയ്ക്കപ്പെട്ടിരിക്കുന്നു; ഈ തലസ്ഥാന നഗരിയിലേക്കു അവർ അടുത്തു തുടങ്ങിക്കഴിഞ്ഞു.

ഈ ഉദ്യമത്തിൻെറ സൈനികപരമായ മർമ്മം വളരെ പ്രധാനമത്രേ. ഇററലിയിലെ പോതാഴ്വരയിൽ സമരം ചെയ്യുന്ന നാസിസേനകളെ ഇതു വല്ലാത്ത അപകടത്തിലാണു് വീഴ്ത്തിയിരിക്കുന്നതു്. അവക്കു, അവസാനമായി പിൻതിരിഞ്ഞോടേണ്ടിവരുമ്പോൾ, അതിന്നു സാദ്ധ്യമല്ലാതാക്കുകയാണു് ഈ റഷ്യൻ സേനകൾ ചെയ്യുന്നതു്. ഇററലിയിലെ സഖ്യസേനകളാകുന്ന അടുപ്പിൽനിന്നു് യൂഗോസ്ലാവ്യൻ, ബ്രിട്ടീഷ്, റഷ്യൻ എന്നീ സേനകളാകുന്ന ചട്ടിയിലേക്കു ചാടുകയായിരിക്കും. വരുന്ന നാലഞ്ചു മാസത്തോളം, ആൽപൈനിലൂടെ കയറിപ്പോവാൻ സാദ്ധ്യമാണെന്നതു സംശയാസ്പദമാണു്. ഇററലിയിലെ സമരം കൂടുതലായി കരയുദ്ധരീതിയിലെത്തുന്നു. തങ്ങളുടെ സപ്ലൈ വ്യവസ്ഥകൾ താറുമാറാവാനിടയുള്ള അവസരത്തിൽ ശത്രുക്കൾ ആക്രമണത്തിന്നു മുതിരുമൊ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

## മാണ്ഡലിയിലേക്കു് മൂന്നു വഴിക്കു മുന്നോട്ടു കയറുന്നു

പ്രകൃതിനിർമ്മിതമായ തടസ്സങ്ങളെ അതിലംഘിക്കാനും, ജാപ്പു ഗറില്ലകളെ തോല്പിക്കാനും ഒരു കൊല്ലം സമരം ചെയ്തശേഷം, ബ്രിട്ടീഷ് 5-ാം സേന "മാണ്ഡലിയിലേക്കുള്ള മാർഗ്ഗത്തിലേക്കു്" വെട്ടെന്നു എത്തിച്ചേൎന്നിരിക്കുന്നു. കാഥയും, ഇൻഡാവും പിടിച്ചപ്പോഴാണു് ഈ സൌകര്യം സിദ്ധിച്ചതു്. കലേവയുടെ കിഴക്കായി ഇന്ത്യക്കാരും കിഴക്കെ ആഫ്രിക്കക്കാരുമായ സേനകൾ, പടിഞ്ഞാറു ഭാമോവിൽനിന്നു കുതിച്ചു കയറുന്ന ചൈനക്കാർ, കാഥയുടെ തെക്കായി ബ്രിട്ടീഷുകാർ,—ഈ സേനകൾക്കു് മൂന്നു ഉന്നങ്ങളാണുള്ളതു്. റെയിൽവെ, റോഡ്, നഗരം. പ്രധാനമായ പാതയാണു് 'റെയിൽവെ'; അതു് നയിക്കുന്നതു് മറെറാരു ലക്ഷ്യമായ നഗരത്തിലേക്കാണു്, അതായതു്, മാണ്ഡലിയിലേക്കു്. അവസാനത്തെ ലക്ഷ്യമായ റോഡു് ബർമ്മറോഡുമാണു്!

## പാസഫിക് യുദ്ധരംഗത്തിൽനിന്നു് സന്തോഷവാർത്തകൾ

ഫിലിപ്പൈനിൽ പടയിറങ്ങുന്നതിൻെറ അല്പം മുമ്പു് ഫസ്റ്റ് ലോഡ് ഓഫ് അഡ്മിറാലിററി മി. എ. വി അലക്സാന്തർ, ഒരു വമ്പിച്ച ബ്രിട്ടീഷ് സേനാവിഭാഗം, പാസഫിക്കിലേക്കു് പുറപ്പെട്ടിട്ടുണ്ടെന്നു പ്രഖ്യാപിക്കുകയുണ്ടായി. ഭയചകിതരായ ജാപ്പുകൾ അമേരിക്കയുടേയും, ആസ്ത്രേലിയയുടെയും കപ്പൽപടകളുമായി യുദ്ധത്തിന്നു മുതിർന്നു; തോററു പിന്മാറുകയുംചെയ്തു. പാസഫിക്സമുദ്രത്തിൽ ബ്രിട്ടീഷ് നാവികസേന എത്തിക്കഴിഞ്ഞുവെന്ന വർത്തമാനം ഈ വാരത്തിൽ അറിയപ്പെട്ടു. അതിൻെറ നേതാവു ലോകത്തിലെ, സമരവീരന്മാരിൽ നിപുണനായ ഒരു അഡ്മിറൽ സർ ബ്രൂസ് ഫ്രാസറാണു്. ഈ വർത്തമാനത്തോടൊപ്പംതന്നെ അമേരിക്കൻ സേനകൾ ലെയിററ് ദ്വീപിലെ ഓർമോ പിടിച്ചതായികേട്ടു. ലെയിററിൽ ഇറങ്ങാൻ ശ്രമിച്ച ജാപ്പുസേനകളിൽ ഏതാണ്ടു് 25,000 പേക്കു് ജീവനാശം നേരിട്ടു. എന്നാൻ, അമേരിക്കൻ പടകൾ വീണ്ടും ഇറങ്ങി. ഈ ആഴ്ചയിൽ വീണ്ടും ടോക്കിയോവിൽചെയ്ത ബോമ്പാക്രമണത്തിൽ, നഗരം കത്തിയെരിഞ്ഞുവെന്ന റിപ്പോർട്ടു് കാണുന്നു. ചൈനയിലും പറയത്തക്ക മെച്ചമൊന്നും ജപ്പാനില്ല. "ക്രിസ്ത്യൻ സയൻസ് മോണിട്ടർ" എന്ന അമേരിക്കൻ പത്രത്തിൻെറ പ്രതിനിധി ചെയ്ത പ്രക്ഷേപിണി പ്രസംഗത്തിൽ സൂചിപ്പിച്ചപോലെ "ചൈനയിൽ വർദ്ധിച്ചുവന്ന ജാപ്പാപത്തുമൂലം, ഒരു വലിയ നേട്ടമുണ്ടായി. ചൈനയിൽ ഒരു പുതിയ ഐക്യബോധം ഉണ്ടാക്കി; വിജയവിശ്വാസം ഇരട്ടിപ്പിച്ചു. ഏഴു വർഷങ്ങളോളമായി യുദ്ധം ചെയ്തുവരുന്ന മഹാന്മാരായ ചൈനീസ് ജനതകളിൽനിന്നു് അതാണു് പ്രതീക്ഷിച്ചിരുന്നതും."

വീരാവേശമൊടാഞ്ഞടുക്കുക, വിറ-
ച്ചീടാതെ യുന്മത്തരായ്-
പ്പോരാടാനെ, തിരാളിവർഗ്ഗമഖിലം
വെൺചാമ്പലായ് മാറുവാൻ;
ആരാലങ്ങിനെ നിന്നിടുന്നു വിജയം
പോരാളിമാർ നിങ്ങളെ-
ത്താരാട്ടിങ്ങളിർ മാലയിട്ടു തഴുകാൻ,-
പോർവീരരേ പോകുവിൻ!

# ജൈത്രയാത്ര

(ജി. പി. ശങ്കരമംഗലം.)

(നതോന്നത)

വെടിപൊട്ടി, പടനിലം കിടുകിടെ വിറക്കയായ്
വെറികൊണ്ട റഷ്യൻസൈന്യം കുതിക്കയായി,

ദുർമ്മദക്കാർ ജർമ്മനിക്കാർ നിർമ്മിച്ചുള്ള കൊത്തളങ്ങൾ-
മർമ്മഭാഗം പിളർന്നതാ പതിക്കയായി;

ഇമ്മഹിമണ്ഡലത്തിന്നിന്നുടമസ്ഥരവരെന്ന-
വൻമനോസങ്കല്പസൗധം പൊളിയുംപോലെ.

മണലിലും, മഴയിലും, ചളിയിലുമൊരുപോലെ-
ച്ചുണയോടെ ചെമ്പട്ടാളം പൊരുതിനിൽക്കേ,

നിണനദികളിൽക്കൂടെത്തുണയററ വഞ്ചിപോലെ
പിണമായി ജർമ്മൻയോധരൊഴുകുകയായ്.

പടിപടിയായി നാസിപ്പടകളെ പുറംതള്ളി-
പ്പടുതയോടടർചെയ്യും ചുവപ്പുസൈന്യം

വടിവേലും വിജയശ്രീ വരണത്തിൻതിടുക്കത്തിൽ
കടുകോളം മരണത്തെ വകവെച്ചില്ല.

ഗഗനത്തിൽ ദിനേശനും, ഭുവനത്തിൽ നിണച്ചാലും
നഗരമെങ്ങുമേ റഷ്യക്കൊടിപിടിച്ചു.

കുതിരതൻമുകളേറിട്ടണയും യോധരെ മോദാൽ-
കതിരവൻ കരംകൊടുത്തുപചരിച്ചു

ആഗമിക്കുമതിഥികൾക്കാഹ്ലാദപൂർവ്വകം ശിഷ്ടർ-
സ്വാഗതേനകൈകൊടുപ്പതുചിതമല്ലോ.

കിഴക്കൻ റഷ്യയിലോരോ മണൽത്തരികളുംകൂടെ-
ക്കുളിർത്തുപോയ് റഷ്യൻസൈന്യസംഗമമൂലം;

കണക്കററ കാലമായി പ്രതീക്ഷിക്കും കമിതാവിൻ-
കരസ്പർശാൽക്കമനിതൻ ഹൃദയംപോലെ.

കനകച്ചെങ്കൊടി പാറിക്കളിക്കയായ് വിഹായസ്സിൽ
നഗരലക്ഷ്മിയാററാടിച്ചിരിക്കുംപോലെ;

"പുരോയാനം, പുരോയാനം, പുരുഷകേസരികളേ!"
പരാക്രമി പടനാഥൻ വിളിച്ചുരച്ചു;

"അറിയട്ടെ ഗോയറിങ്ങിൻ പരീക്ഷകൾ, ചെമ്പട്ടാള-
പ്പെരുമയെ, വിളക്കട്ടെ, വിരണ്ടോടട്ടെ;

ദുർദ്ധൃതർ നമുക്കെഴും ചുടുരക്തം തിളക്കട്ടെ;
കുടിലരാം നാസിക്കൂട്ടർ മണ്ണടിയട്ടെ;

പുരോയാനം, പുരോയാനം, പുരുവീര്യനിധികളേ!
പുരോഭാഗത്തതാനിൽപൂ വിജയലക്ഷ്മി!"

ചെറുനദി "ഷേർവിൻഗ്" യാസുധീരശാസനം, നറും-
നുരകളാൽ പുഞ്ചിരിച്ചു പരിഗ്രഹിച്ചു;

പുളകദകല്ലോലങ്ങളിളക്കിയാനവാഹനം-
മധുരമായാലാപിച്ചു ഗമിച്ചുതോഷാൽ.

ചലദലമർമ്മരത്താൽ തരുജാലം ചെമ്പട്ടാള-
ത്തലവന്റെയാജ്ഞാവാക്യമെടുത്തുരച്ചു;

സുരഭിലസുഖത്തെന്നൽ സുധീരമാമാപ്രസംഗം,
പരിചോടെ പുരമെങ്ങും പറഞ്ഞുവെച്ചു.

പടഹത്തിൻപടുനാദം മുഴങ്ങിയെങ്ങുമെ നാസി-
പ്പടക്കെഴും ഹൃദയത്തിൽ തുടിപ്പോടൊപ്പം

ചെമ്പടതൻ വിജയത്തെയുമ്പർലോകത്തുണർത്തുവാൻ-
വെമ്പിഭൂവി പാംസുച്ഛലാലുയർന്നുമുററും.

. . . . . . . . . . . . . . . . . . . . . . . . . . . .

വെടി പൊട്ടി, ചെമ്പട്ടാളംചൊടിയോടെ കുതിക്കയായ്,
കിടുകിടെ ജർമ്മൻസേന വിറക്കയായി;

അത്യുഗ്രങ്ങൾ തകർത്തിരച്ചേറും റഷ്യൻസൈന്യ-
മദത്തിന്റെ മഹത്വത്തെ മനസ്സിലാക്കി.

വിധിക്കെഴുംവിഹാരമെന്നുറച്ചു നാസികൾ വേഗാൽ-
കുതിച്ചോടി പലദിക്കിലൊളിക്കയായി.

അനുക്രമമടുക്കുന്ന ചുകപ്പുസേനകൾ മോദാൽ-
പുരശ്രീതൻ വിമോചനം നടത്തീടുമ്പോൾ

കൃതജ്ഞതബദ്ധരായി, കൃതപുണ്യർതൻ പൗരന്മാർ
ഉതിക്കയായ് സന്തോഷാശ്രു സമൃദ്ധിയായി:

ചഞ്ചലൽക്കൺകോളുകളാൽ സ്വാഗതസൂചനാപൂർവ്വം
പുഞ്ചിരിക്കും തരുണിമാരൊരു ഭാഗത്തിൽ,

നെഞ്ചിലെങ്ങും കൃതജ്ഞതാ സഞ്ചയിച്ചു യുവാക്കന്മാർ-
സഞ്ചിതബാന്ധവബുദ്ധ്യാ മറെറാരിടത്തിൽ,

കുളിരിളംചിരിതൂകി കളിവാക്യങ്ങളുമോതി-
ത്തെളിവോടെ ബാലകന്മാർ വേറൊരിടത്തിൽ,

അപ്രദേശമാകമാനം അത്ഭുതസന്തോഷപൂർവ്വം-
സുപ്രഭരാം ചെമ്പടയെ സ്വാഗതം ചെയ്തു:

കിളികൾതൻ കളകള കീർത്തനഗാനങ്ങളെങ്ങും
അളിമുളും ശ്രുതിയൊത്തു മുഴങ്ങീടുന്നു:

മലരണിത്തോപ്പുമുററിസ്സുരഭില സുഖദനായ്
കുളിരിളം തെന്നലെങ്ങു മുലാത്തീടുന്നു:

മണ്ണിനാശപിടിച്ചേറെ മദിച്ചഹിററ്ലർതൻസ്വന്ത
മണ്ണിലിന്നു ചെമ്പട്ടാളം നിലകൊള്ളുന്നു:

വാരുണീദിങ്മുഖത്തെങ്ങും ചോരവർണ്ണത്തിറമയാൽ
ചാരുവായ ജയക്കൊടി പറന്നിടുന്നു:

ജയിക്കനീ, ജഗത്തിന്നു വിമോചനപ്രദേ, നിത്യം-
ജയിക്കവാമരജന നിത്യസൗഖ്യദേ!

വിചിത്ര വീര്യരേ! റഷ്യൻ സമർത്ഥസൈനികന്മാരേ!
ഭവിക്കട്ടെ നിങ്ങൾക്കെന്നും നിത്യഭാവുകം;

തുംഗശക്തിപ്രഭാവരേ! സംഗരത്തിൽ നിങ്ങൾക്കെങ്ങും-
മംഗല; ചിത്തുലികയാൽ ഞങ്ങൾ നേരുന്നു.

—: ശുഭം :—



# "മണ്ണെണ്ണയുടെ കുഴപ്പം തീൎന്നു"

(ടി. അസ്സനാർകുട്ടി, താനൂർ)

സെയ്യാലിയുടെ സമ്പാദ്യം രണ്ടു കാളയും ഒരു വണ്ടിയും മാത്രമാണു്. കാളവണ്ടികൊണ്ടു അവന്നു കിട്ടുന്ന കൂലി അവന്നും ഉമ്മക്കും കഷ്ടിച്ചു സുഖമായി ജീവിക്കുവാൻ മാത്രം ഉതകും. ഒരു ദിവസം രാത്രി 9 മണിക്കു സെയ്യാലി എന്റെ അടുക്കൽ ഓടിവന്നു. വിളക്കില്ലാതെ അവൻ വണ്ടി തെളിച്ചുപോകുമ്പോൾ, വഴിയിൽവെച്ചു പോലീസുകാർ അവന്റെ പേരും മേൽവിലാസവും എഴുതി എടുത്തുവെന്നു പറയുകയുണ്ടായി. നാലു ദിവസത്തിന്നു ശേഷം മജിസ്ട്രേട്ടു അവന്നു "ദയവായി" 2 ക. പിഴ കല്പിച്ചു. മണ്ണെണ്ണ കിട്ടാത്തതുകൊണ്ടാണു് വിളക്കു കത്തിക്കാഞ്ഞതു എന്നു അവൻ കോടതിയിൽ ബോധിപ്പിച്ചു. പിഴയടക്കുവാൻ ഉമ്മയുടെ ഒരു സ്വൎണ്ണ ചിറ്റു മുറിച്ചെടുത്തു വില്ക്കേണ്ടിവന്നു.

അടുത്ത ദിവസം പോലീസ് പിന്നെയും സെയ്യാലി വിളക്കുവെക്കാത്ത വണ്ടി കൊണ്ടു പോകുമ്പോൾ പിടിച്ചു കേസ്സാക്കി. ഈ പ്രാവശ്യം മജിസ്ട്രേട്ടു് സെയ്യാലിക്കു 5 ക. പിഴ ഇട്ടു. ഉമ്മയുടെ ബാക്കി ചിറ്റും കൂടി മുറിച്ചെടുത്തു പിഴയടച്ചു. വണ്ടിയും കാളയും തനിക്കു അനാവശ്യമായി ചിലവുകൾ ഉണ്ടാക്കിത്തീൎക്കുന്നതിൽ സെയ്യാലിക്കു തന്റെ ജോലിയിൽ വലിയ നിരാശ തോന്നി. കാളയും വണ്ടിയും കൂടി 200 ക. ക്കു വിറ്റു "മണ്ണെണ്ണ കിട്ടുന്ന കാലത്തു വണ്ടി കെട്ടാം" എന്നു പറഞ്ഞു സെയ്യാലി 200 ക. ഉമ്മവശം ഏല്പിച്ചു നാടു വിട്ടു പോയി. ഒരു കൊല്ലത്തിന്നു ശേഷം സെയ്യാലി നാട്ടിൽ മടങ്ങിവന്നതു പട്ടാളത്തിലെ ഒരു മോട്ടോർ ഡ്രൈവറായിട്ടാണു്.

ഒരു ദിവസം സെയ്യാലി എന്റെ അടുക്കൽ വന്നു പറയുകയാണു്: "പ്രിയകുട്ടി, എന്റെ ഇപ്പോഴത്തെ ജോലി വളരെ സുഖമാണു്. മണ്ണെണ്ണ അന്വേഷിക്കണ്ട. പോലീസുകാർ വിളക്കില്ലാതെ വണ്ടി ഓടിച്ചുവെന്നു പറഞ്ഞു ചാർജ്ജും വെക്കുകയില്ല. മണ്ണെണ്ണ ഇല്ലാതെ തന്നെ ശോഭിക്കുന്ന വിളക്കും വെച്ചാണു് എന്റെ ഇപ്പോഴത്തെ വണ്ടി ഓടിക്കുന്നതു്. ഏതായാലും എനിക്കു മണ്ണെണ്ണയുടെ കുഴപ്പം തീൎന്നു."

## കടലിലെ ഒരു പുതിയ അത്ഭുതം



രണ്ടു കപ്പലുകളും ഓടിക്കൊണ്ടിരിക്കുമ്പോൾത്തന്നെ ക്രൂയിസർ, ടാങ്കറിൽനിന്നു മണ്ണെണ്ണയെടുക്കുന്നു

# സമരഗാനം

I

വിജയകേതു വിരവിൽനാട്ടി ഭ്രരിവീരധീരരായ്,
വരുവതിന്നു, വരിനിരന്നു, വരികവരിക തോഴരേ!
പുതിയലോകരചനയൊന്നു ത്വരിതസാദ്ധ്യമാക്കുവാൻ
കുതികുതിച്ചു, കൂട്ടുകൂടി, കൂട്ടുകാരെയെത്തുവിൻ !!
സമരകാഹളം വിളിപ്പി "തണയുവിൻ സഖാക്കളേ,
സമയമില്ല, സമരഭ്രുവിലണിനിരക്കും സമയമായ്!",
അവനിയാകെയടിമയാക്കുമഖിലനീതികേടുകൾ,-
നരനുചേർന്നോരുലകമാകെ നരകമാക്കിമാററുവോർ,-
സകലമിന്നിസ്സമരഭ്രുവിലുയരും ഘോരവഹ്നിതൻ-
ശിഖയിൽപാററയെരിയുംപോലെ വെന്തുവെന്തു ചാകണം.
അതിനുവേണ്ടി, അതിനുവേണ്ടി, അടരിലൊത്തു ചേരുവിൻ,
അതിനുവേണ്ടി, അതിനുവേണ്ടി, ആയുധങ്ങളേന്തുവിൻ !
പുലരിപോലെ ലസിതലോലലളിതമോദദായകം
പുതിയലോകരചനയെങ്ങും ത്വരിതസാദ്ധ്യമാകുവാൻ,
വിജയകേതു വിരവിൽനാട്ടി ഭ്രരിവീരധീരരായ്,
വരുവതിന്നു, വരിനിരന്നു, വരിക വരിക തോഴരേ!

(3-ാം പേജിൽനിന്നു തുടച്ച്)

യിട്ടുണ്ട്. അന്നാട്ടിലെ ഗവമ്മേണ്ടുകൾക്കു വിദേശീയവിനിയമത്തിന്നു സാദ്ധ്യമാകാതെ വരുന്നേടത്തുമാത്രമേ ഈ പണം ചെലവഴിക്കുകയുള്ളൂ. ഈ വിഷമപ്രശ്നങ്ങളെക്കുറിച്ച് പര്യാലോചിക്കുന്നതിന്നു ഒരു പ്രത്യേക കമ്മിററി ഏൎപ്പെടുത്തിയിട്ടുണ്ട്. നാലു കമ്മിററികളാണ് പ്രധാനമായിട്ടുള്ളതു്: (1) സംഘടന ശരിപ്പെടുന്നതിന്നും ഭരണനിർവ്വഹണത്തിന്നും (2) പൊതു നയങ്ങൾ, (3) സപ്ലൈ, പണമിറക്കൽ, (4) സഹായവും, പുനർ നിർമ്മാണവും. ഈ സംഘടനകൾക്കു കീഴിൽ വേറെ 15 സബ്ബ് കമ്മിററികളുമുണ്ട്.

## പട്ടിണിക്കും, വ്യാധിക്കുമെതിരായ യുദ്ധം

ഭക്ഷണമാണ് ഇന്നത്തെ പ്രാഥമികാവശ്യം. പാതിപ്പട്ടിണിക്കാരായ മനുഷ്യലക്ഷങ്ങളെ ഉജ്ജീവിപ്പിക്കുന്നതിന്നും, ഓജസ്സുള്ളവരാക്കിത്തീർക്കുന്നതിന്നും പര്യാപ്തമായ ഭക്ഷണം, പാൽ, മാംസം, കൊഴുപ്പുകൾ, ഗോതമ്പു തുടങ്ങിയവയാണ് വേണ്ടതു്. യു. എൻ. ആർ. ആർ. എ. യുടെ നയം പൊതു ആവശ്യങ്ങൾക്കായി ഈ ആഹാരപദാർത്ഥങ്ങൾ ഉല്പാദിപ്പിയ്ക്കാൻ പരിശ്രമിക്കുകയാണ്. വിമോചിപ്പിക്കപ്പെട്ട യൂറോപ്പിലേക്കു ആദ്യവർഷത്തിൽ 400,000 ടൺ വിത്തുകൾ ഇറക്കുമതി ചെയ്യേണ്ടിവരുമെന്നു തിട്ടപ്പെടുത്തിയിരിക്കുന്നു.

ഈ ലോകരക്ഷാസംഘത്തിന്റെ പ്രവർത്തനത്തെപ്പററി വായിക്കുമ്പോൾ ഒരാൾക്കു അതിന്റെ നൈപുണ്യത്തെ കുറിച്ചുള്ള ശ്ലാഘയും വർദ്ധിച്ചുവരും. കാട്ടാളത്തത്തിൽനിന്നു പരിഷ്ക്കാരം പരിഷ്കൃതമായ ലോകം നിർമ്മിക്കുക, അതാണ് സംക്ഷിപ്തമായി യു. എൻ. ആർ. ആർ. എ. ചെയ്യാനുദ്ദേശിക്കുന്ന ജോലി എന്നു പറയാം. ഇതിന്റെ സേവനൌത്സുക്യത്തെപ്പററി ബ്രിട്ടീഷ് പ്രതിനിധിയായ കേണൽ ജോൺ എൽ. ലീവില്ലിൻ പ്രസ്താവിച്ചതു് അക്ഷരംപ്രതി വാസ്തവമാണ്. അദ്ദേഹം പറഞ്ഞു: "പട്ടിണികിടക്കുന്നവർക്കു ഭക്ഷണം നൽകുന്നതിന്നും വീടില്ലാത്തവർക്കു വീടുണ്ടാക്കി കൊടുക്കുന്നതിന്നും, ഉടുക്കാനില്ലാത്തവർക്കു ഉടുപ്പുകൾ നൽകുന്നതിന്നും ഉള്ള ഒരു കുരിശു യുദ്ധമാണിതു്; വ്യാധികളെ ഉന്മൂലനാശം ചെയ്യുന്നതിന്നും, ലക്ഷക്കണക്കിലുള്ള തടവുകാരെയും, മററു അടിമകളെയും അവരുടെ വീട്ടിലെത്തിക്കുന്നതിന്നും കൂടിയുള്ള ഒരു കുരിശുയുദ്ധം!"

ഈ ചെയ്യുന്നതു ഒരു ധർമ്മമല്ല. ജനങ്ങളെ സ്വാശ്രയമാക്കുന്നതിന്നു സഹായിക്കുക മാത്രമാണ്. അങ്ങിനെ വരുമ്പോൾ, തങ്ങളുടെ തകർക്കപ്പെട്ട വീടുകളും, നശിച്ച തൊഴിൽശാലകളും, കൊള്ളചെയ്യപ്പെട്ട കൃഷിസ്ഥലങ്ങളും വീണ്ടും യഥാസ്ഥാനത്തിലാക്കുന്നതിന്നുള്ള കഴിവു അവർക്കു തന്നെയുണ്ടാകും.

പണവും പദാർത്ഥങ്ങളും യുദ്ധാനന്തര പുനഃസംഘടനയുടെ വഴിയിൽ ... ത വിലങ്ങായിക്കിടക്കാൻ അനുവദിച്ചുകൂടാ. ലോകസമുദായ ബോധത്തോടെയുള്ള കൃത്യങ്ങൾ മൂലമേ ജനതകൾ തമ്മിൽ പരസ്പരസ്നേഹവും, ലോകത്തിൽ ശാന്തിയും, സമാധാനവും ഉണ്ടാക്കാൻ സാധിക്കയുള്ളൂ. ഭാവിയുദ്ധങ്ങളെ ദൂരീകരിക്കുന്നതിന്നുള്ള വിശിഷ്ടമാർഗ്ഗങ്ങളും ഇവയത്രേ.

ഡൈറക്ടർ ലെമാൻ പറഞ്ഞപോലെ "യു. എൻ. ആർ. ആർ. എ. വിജയിക്കുന്നപക്ഷം സാർവ്വലൌകികമായ സഹകരണം സാദ്ധ്യമാണെന്നും, പിരിഞ്ഞുനില്ക്കണമെന്ന വ്യത്യാസങ്ങളെക്കാൾ ശക്തമായതു്, പൊതുതാല്പര്യങ്ങൾക്കുവേണ്ടിയുള്ള ഐക്യമാണെന്നും, ലോകം ഗ്രഹിക്കും. ഒരിക്കൽ അതു ചെയ്തുതീർത്താൽ, ഐക്യരാഷ്ട്രങ്ങൾക്കു വീണ്ടും അതു ചെയ്യാൻ സാദ്ധ്യമാകുമെന്ന വിശ്വാസം കൂടുതൽ ദൃഢമാവും. അങ്ങിനെയുള്ള അഭിപ്രായഗതി ഉണ്ടായിരിക്കുന്നു."

സ്വാതന്ത്ര്യമാക്കപ്പെട്ട യൂറോപ്പിലെ കുഴപ്പങ്ങൾക്കും, വിഷമങ്ങൾക്കും ഉപരിയായിട്ടുള്ളതു് മേല്പറഞ്ഞ ആവശ്യങ്ങളെ അടയുന്നതിന്നു വേണ്ട കാര്യങ്ങളും, സാമഗ്രികളും വേണമെന്നു വാസ്തവമാണ്. ആ ദീനസ്വരത്തിന്നുള്ള ഉത്തരമാണ് യു. എൻ. ആർ. ആർ. എ. ലോകം ഇതേവരെ കണ്ടതിൽവെച്ചു ഏററവും ശ്രേഷ്ഠമായി ഒരു സംഘടനയാണിതു്. എല്ലാററിന്നും ഉപരിയായി, അത്യാവശ്യ സംഗതികൾക്കു പ്രാമുഖ്യം നല്കണമെന്ന അതിന്റെ ലക്ഷ്യത്തെപ്പററി ആർക്കും വിവാദിക്കാവുന്നതല്ല.



വാർച്ചെറതിൽവെച്ച് ബ്രിട്ടീഷുസേനയ്ക്ക് കീഴടങ്ങിയ ജർമ്മൻ ജനറൽ ഡാസറും കൂട്ടുകാരും

# യുദ്ധരംഗത്തിലുള്ള നമ്മുടെ യോദ്ധാക്കൾ

(കേണൽ എ. എൽ. കോളിൻവുഡ്ഡ്)

മദ്രാസ് സാപ്പേഴ്സിൻെറയും മൈനേഴ്സിൻെറയും വിശ്രുതമായ നേട്ടങ്ങളേയും വീരചരിത്രത്തേയും പററി എല്ലാവക്കും അറിയാം. കഴിഞ്ഞ യുദ്ധത്തിലും ഈ യുദ്ധത്തിലും അവർ പല മുന്നണികളും സന്ദർശിച്ചിട്ടുണ്ട്; മുമ്പേത്തെക്കാളധികം അടുത്തു ഇന്നവർ യുദ്ധരംഗത്തോടു തൊട്ടു പ്രവർത്തിക്കുന്നു. അവരുടെ വിദഗ്ദ്ധവേലയ്ക്കു ധൈര്യവും അച്ചടക്കവും ആവശ്യമാണ്. നിങ്ങളെ നോക്കി വെടിവെക്കുന്ന ശത്രുവിന്നെതിരായി യുദ്ധം ചെയ്യലും, ശത്രുവിൻെറ വെടിയുണ്ടകളെ അഭിമുഖീകരിച്ചു ഒരു സാങ്കേതികമായ നിപുണ കൃത്യം നിർവ്വഹിക്കുകയും തമ്മിൽ വളരെ വ്യത്യാസമുണ്ട്.

നമ്മൾക്കെല്ലാവക്കും അറിയാവുന്നതുപോലെ ഒരു പട്ടാളത്തിന്നു യുദ്ധത്തിന്നു പോകാനും യുദ്ധം ചെയ്യുന്നതിന്നും, ആദ്യമായിത്തന്നെ പല സജ്ജീകരണങ്ങളും ആവശ്യമുണ്ട്. ആയുധങ്ങൾ, വെള്ളം, ആഹാരം, പെട്രോൾ, മുറിവേററവരേയും രോഗബാധിതരേയും നീക്കം ചെയ്തു ശുശ്രൂഷിക്കുവാനുള്ള സൌകര്യങ്ങൾ, ഇവയൊക്കെ മുൻകൂട്ടിത്തന്നെ ഉണ്ടായിരുന്നാലെ രണരംഗത്തിലെ വീരന്മാരുടെ സമരചാതുര്യം തികച്ചും, പ്രകാശിതമാവുകയുള്ളു. ഈ രണരംഗങ്ങളുടെ പിന്നണിയിൽ, ആളുകളേയും സജ്ജീകരണങ്ങളേയും നീക്കം ചെയ്യുക തുടങ്ങിയ കൃത്യങ്ങളിലാണ്, മദിരാശി സംസ്ഥാനത്തിലെ യോദ്ധാക്കൾ ഏർപ്പെട്ടിരിക്കുന്നതു്. സമരരംഗത്തിൽ, രാത്രിയും പകലും തങ്ങളുടെ മുറിപ്പെട്ട സഖാക്കളെ ശുശ്രൂഷിച്ചുവരുന്ന ഈ യോദ്ധാക്കളെപ്പററി നമ്മൾക്കു വളരെ കുറച്ചുമാത്രമേ അറിയുകയുള്ളു.

ഡ്രൈവർമാരായും, ഫിററർമാരായും, മററും ഒരു വലിയ വിഭാഗം മദ്രാസി ശിപ്പായികളുണ്ട്. വളരെയധികം മദ്രാസി ഗണ്ണർമാരും ഉണ്ടെന്നും നമുക്കു വിസ്മരിക്കാൻ മേലാ.

## മദ്രാസ് റജിമെൻറിൻെറ അഭിമാനാർഹമായ നില

ഞാൻ ഒരു ഇൻഫൻട്രി ഓഫീസറാണ്. തന്മൂലം മദ്രാസ് ഇൻഫൻട്രിയെപ്പററി പ്രത്യേകം എടുത്തു പറയുന്നതിനാണ് എനിക്കാശ. മദ്രാസ് റജിമെൻറിൻെറ ചരിത്രം, ഇന്ത്യൻ സേനയുടെ ചരിത്രത്തോളം തന്നെ പഴക്കം ചെന്ന ഒന്നത്രേ.

മദ്രാസ് ഗവണ്ണർ സർ ആർതർഹോപ്പ്, മി. വിത്യൻ ആദാംസിൻെറ "1742 മുതൽ 1943 വരെയുള്ള മദ്രാസ് ഇൻഫാൻട്രിയുടെ ചരിത്രം" എന്ന പുസ്തകത്തിന്നു എഴുതിയ അവതാരികയിൽ പ്രസ്താവിക്കുന്നു, "പുതുതായി രൂപീകൃതമായ മദ്രാസ് ഇൻഫൻട്രി റജിമെൻറിന്നു മഹനീയമായ പുരാതന പാരമ്പര്യങ്ങളുണ്ട്. ശരിയായ നേതൃത്വം നൽകുന്നപക്ഷം ഇവരും പൂർവ്വികന്മാരെപ്പോലെത്തന്നെ സവിശേഷ ഗുണങ്ങൾ പ്രകടിപ്പിക്കുകയും, മറെറങ്ങുമുള്ള ഭടന്മാരോടു കിടപിടിക്കുകയും ചെയ്യുമെന്നതിൽ എനിക്കു യാതൊരു സംശയവുമില്ല." ഗവണ്ണർ പ്രകാശിപ്പിച്ച ഈ വിശ്വാസത്തിൻെറ സാക്ഷ്യങ്ങളെന്നവണ്ണം നമ്മുടെ യുവാക്കന്മാരിൽ നാലു പേക്കു മിലിട്ടറി മെഡൽ സമ്മാനിക്കപ്പെട്ടു. അവരുടെ പേരും വിവരവുമാണ് താഴെ എഴുതുന്നതു്:—

നമ്പർ 8,260 ഭാഗ്യനാഥൻ (ആററൂർ ഗ്രാമം, ഡിണ്ടിക്കൽ താലൂക്കു, മധുര ജില്ല).

നമ്പർ 8,219 ഹവിൽദാർ കണ്ണൻ നായർ (പന്നിയന്നൂർ അംശം, പന്നൂർ പോസ്റ്റ്, വടക്കെ മലബാർ).

നമ്പർ 5,189 ലാൻസ് നായക്ക് സെൻഗണി (അബ്ദുൾഷുക്കൂർ തെരുവു, പുതുപ്പേട്ട, മദ്രാസ്).

നമ്പർ 8,533 കൃഷ്ണൻ റെഡ്ഡി (മൈഗന്ധലപള്ളി ഗ്രാമം, തവംപള്ളി, ചിററൂർ ജില്ല).

ഇവരെ കൂടാതെ മററു പലക്കും അവരുടെ പരാക്രമങ്ങൾക്കു സാക്ഷ്യപത്രങ്ങൾ ലഭിച്ചിട്ടുണ്ട്.

ജപ്പാന്നെതിരായ സമരം അന്ത്യമാവുമ്പോഴേക്കും, മദ്രാസ് റജിമെൻറിലെ യോദ്ധാക്കളിൽ പലരും, തങ്ങളുടെ പൂർവ്വികന്മാരെപ്പോലെ വീര്യപരാക്രമങ്ങൾ പ്രദർശിപ്പിക്കുകയും, നിരവധി കീർത്തിമുദ്രകൾക്കും സാക്ഷ്യപത്രങ്ങൾക്കും അർഹരാവുമെന്നു എനിയ്ക്കു ബോദ്ധ്യമുണ്ട്.

അവസാനമായി ഞാൻ മദ്രാസ് സംസ്ഥാനത്തിലെ ജനങ്ങളോട് പറയട്ടെ: നിങ്ങളുടെ പുത്രന്മാരോടൊപ്പം സേവനം ചെയ്തതിൽ ഒരു ബ്രി. ആഫീസറായ എനിക്കു അഭിമാനമുണ്ട്. അവരുടെ ഉത്സാഹവും നേട്ടങ്ങളും അഭിമാനാർഹവും അനുകരണീയവുമാണ്.

മദ്രാസ് ഭടന്മാരേ, നിങ്ങളെവിടെ യുദ്ധം ചെയ്യുന്നവരായാലും ശരി ഞാൻ നിങ്ങളോടു പറയട്ടെ: നിങ്ങൾ എല്ലാം ശരിയാംവിധം നിർവ്വഹിച്ചിരിക്കുന്നു.

നിങ്ങൾ ഇതേവരെ ചെയ്തതും, ഇനി ചെയ്യാൻ പോവുന്നതുമായ കൃത്യങ്ങളെക്കുറിച്ചു ഞങ്ങൾ അഭിമാനം കൊള്ളുന്നു. ജാപ്പുകൾക്കു നല്ല ഒരു ചതയ്ക്കൽ കൊടുക്കുന്നതിന്നു നിങ്ങൾ സഹായിച്ചു; അവരുടെ മനോധൈര്യം തന്മൂലം തകന്നിളകിക്കഴിഞ്ഞു. ജാപ്പുകളേക്കാളും നല്ല മനുഷ്യരും യോദ്ധാവുമാണ് നിങ്ങളെന്ന് ഈ വീരകൃത്യങ്ങൾ നിങ്ങൾ കാണിച്ചു കൊടുത്തു. നിങ്ങളുടെ രാജ്യത്തിൻെറ ബദ്ധശത്രുവിനെ മുഴുവനും നിങ്ങൾ പരാജയപ്പെടുത്തുമാറാകട്ടേ; അങ്ങിനെ നിങ്ങൾ രക്തം ചിന്തി സംരക്ഷിച്ച നിങ്ങളുടെ ഗൃഹങ്ങളിലേയ്ക്കു മടങ്ങിവരാറാകട്ടെ—(1944 നവെമ്പർ 28-ാംനു തൃശ്ശിനാപ്പള്ളി റേഡിയോവിൽ ചെയ്ത ഒരു പ്രസംഗത്തിലെ ചില ഭാഗങ്ങൾ.)



ജനറൽ പാററൻ—മൂന്നാം അമേരിക്കൻ സേനയുടെ അധിപൻ. ഇദ്ദേഹത്തിൻെറ നേതൃത്വത്തിലുള്ള സൈന്യങ്ങൾ ജർമ്മൻ നിരോധരീതികളെയെല്ലാം തകർത്തു സാർ നദിയ്ക്കരികിലെത്തിക്കഴിഞ്ഞിരിക്കുന്നു.

# സ്ലാസേനിജ അമ്മ

[യൂഗോസ്ലാവിയയിലെ പാർട്ടീസൻസേനയിൽപെട്ട ഒരു വനിതായോദ്ധാവിന്റെ ഡയറിയിനിന്നു എടുത്തതാണ്' ഈ വാസ്തവികകഥ.—യു. സ. പ.]

അതു് സംഭവിച്ചതു് എവിടെവെച്ചാണെന്നു് എനിക്കിപ്പോൾ നല്ല നിശ്ചയമില്ല. ഒരുപക്ഷെ ബൊസേനിയയുടെ അതൃത്തിയ്ക്കടുത്തായിരിക്കണം. ആ ഗ്രാമം വിജനദേശമാണു്, ചിന്നിച്ചിതറപ്പെട്ടതും, പാതി കരിഞ്ഞതുമായ ഒന്നു്. ഞങ്ങളുടെ സേനാവിഭാഗം അവിടെ താവളമടിച്ചതു്, രണ്ടു ദിവസം വിശ്രമമെടുക്കണമെന്ന ഉദ്ദേശത്തോടെയായിരുന്നു. ഞങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്ന രോഗബാധിതർക്കും വയസ്സുചെന്നവർക്കും ഏതെങ്കിലും വിധത്തിലുള്ള ഒരു രക്ഷാസ്ഥലം കണ്ടുപിടിക്കേണ്ടതു് വളരെ ആവശ്യമായിത്തീർന്നു.

അവർ എനിക്കും ഒരഭയസ്ഥാനം കണ്ടുപിടിച്ചു—ഒരു മരക്കുടിൽ. അതു സ്ഥിതിചെയ്തിരുന്നതാവട്ടെ, കുതിരാലയങ്ങളുടെ ഇടയ്ക്കും. അതിന്റെ മുമ്പിൽ ഒരു ചെറിയ പൂന്തോട്ടവുമുണ്ടായിരുന്നു. അതിന്നു രണ്ടു മുറികൾ ഉണ്ടു്. മുൻവശത്തെ മുറിയിൽ ഒരു അഗ്നികുണ്ഡവുമുണ്ടു്. പിൻവശത്തെ മുറിയിലായിലായിരുന്നു ആടുകളെ കെട്ടിയിരുന്നതു; പെണ്ണുങ്ങളും കുട്ടികളും കിടന്നുറങ്ങിയിരുന്നതും അവിടെത്തന്നെ. അവിടെ പുരുഷന്മാരെയൊന്നും കണ്ടിരുന്നില്ല. ഞാൻ മാത്രമല്ല, ഞങ്ങൾ അഞ്ചു പേർ ആ മുറിയിൽ പ്രവേശിച്ചു. വല്ലാത്ത തണുപ്പു്; ഞങ്ങൾ അഗ്നികുണ്ഡത്തിന്നടുത്തു പോയിരുന്നു. അതിലും തീയില്ല; അഗ്നികുണ്ഡവുംകൂടി തണുത്തു വെറുങ്ങലിച്ചിരിക്കുന്നു.

"വരൂ, തീകത്തിക്കൂ" ഞങ്ങൾ ആ യുവതിയോടു പറഞ്ഞു. അവളുടെ അടുത്തു നിൽക്കുന്ന ആ പയ്യന്റെയും, ആ വൃദ്ധ തൊട്ടിലിട്ടുറക്കുന്ന ആ കുഞ്ഞിന്റെയും അമ്മയായിരിക്കണം അവളെന്നു ഞാൻ മനസ്സിലാക്കി. ഈ ക്ഷണിക്കാത്ത വിരുന്നുകാരെ കണ്ടതിൽ അവൾക്കു വെറുപ്പു തോന്നിയിരുന്നു.

"ഇവിടെ വിറകില്ല" അവൾ മറുപടി പറഞ്ഞു. "വേണമെങ്കിൽ കാട്ടിൽനിന്നു വെട്ടിമുറിച്ചു കൊണ്ടുവരണം."

കിഴവി എഴുന്നേററു ഞങ്ങളുടെ അടുത്തേക്കു വന്നു—അവർ വളരെ വൃദ്ധയായിരുന്നു; മെലിഞ്ഞു നടു കുനിഞ്ഞു ഒരു വൃദ്ധ; വായിൽ മിക്കവാറും പല്ലില്ല; തലമുടി പാതിയും കഷണ്ടിയാണ്; അവളുടെ ഉടുപ്പു വെറും തുണിത്തുണ്ടുകളായിരുന്നു. "ലാസർ, ഓടിപ്പോയി കുറച്ചു വിറകു വെട്ടിക്കൊണ്ടുവരൂ!" അവർ ആ പയ്യനോടു പറഞ്ഞു. "എവിടെനിന്നു കിട്ടുമെന്നു നിനക്കു് നിശ്ചയമുണ്ടല്ലോ."

പിന്നീടു്, അഗ്നികുണ്ഡത്തിന്നു ചുററും കുറെ കസേലകളും സ്ററൂളുകളും നീക്കിയിട്ടുകൊണ്ടു് ഞങ്ങളോടു പറഞ്ഞു: "ഇരിക്കിൻ, നിങ്ങൾ വന്നതിൽ വളരെ സന്തോഷമുണ്ടു്."

ഉടനെ തീ കത്തിയെരിയപ്പെട്ടു. ഞങ്ങൾ അതിന്നു ചുററും സന്തോഷത്തോടെ ഇരുന്നു

"ഇപ്പോൾ ചൂടുള്ള എന്തെങ്കിലും കുടിക്കുവാൻ കിട്ടിയിരുന്നെങ്കിൽ" ഞങ്ങളിലൊരാൾ പറഞ്ഞു.

"ഇവിടെ പാലില്ല" കിഴവിയുടെ മരുമകൾ ഉടനെ പറഞ്ഞു. കിഴവി എഴുന്നേററു. "കുറച്ചു പാലുണ്ടു് ഇവിടെ" അവർ പറഞ്ഞു: "റൂസാ! ആ തൊട്ടിൽ അങ്ങേ മുറിയിലേക്കു് എടുക്കു്, ലാസർ, എന്റെ ഒപ്പം വാ."

കുറച്ചു നിമിഷങ്ങൾ കഴിഞ്ഞപ്പോൾ, ഞങ്ങൾക്കെല്ലാം പാലു കിട്ടി. ഞങ്ങൾ കുറച്ചെന്തെങ്കിലും തിന്നണമെന്നു വിചാരിച്ചു ഞങ്ങളുടെ പൊതികൾ അഴിച്ചു—അപ്പോഴും കിഴവി ഞങ്ങൾക്കു വേണ്ടി എന്തോ അന്വേഷിച്ചു നടക്കുകയായിരുന്നു. ഉടനെ അവൾ വന്നു, ഞങ്ങളോടൊപ്പം ചേർന്നു.

"ഓ! പാവപ്പെട്ട പാർട്ടിസിന്മാരെ! ഈ മരംകോച്ചുന്ന മഞ്ഞുകാലത്തു് നിങ്ങൾ തണുത്തു വിറച്ചു്, ദാഹിച്ചു്, പട്ടിണികിടന്നു് ക്ഷീണിച്ചു്, രാത്രി മുഴുവനും ഇങ്ങിനെ നടക്കുന്നു. ഞാൻ നിങ്ങൾക്കെന്തെങ്കിലും തരാം. എന്റെ അവസാനം കാണാറായി. എനിക്കു് വയ്യാതായി. എന്തായാലും നിങ്ങളും മനുഷ്യജീവികളാണല്ലോ" ആംഗ്യം കാണിച്ചു് അവളുടെ ഇങ്ങിനെ പറഞ്ഞു അവസാനിപ്പിച്ചപ്പോൾ തൊണ്ട ഇടറിയിരുന്നു!

വെട്ടെന്നു് അവർ എന്റെ അടുത്തുവന്നു, തുറിച്ചുനോക്കി പറഞ്ഞു: "തോഴി നിങ്ങൾ വൃദ്ധയായിരിക്കുന്നു."

"അതെ, എന്നാലും അമ്മേ! നിങ്ങളെക്കാൾ ചെറുപ്പമാണു്."

"ആയിരിക്കാം—പക്ഷെ ഞാൻ പാർട്ടിസന്മാരുടെയൊന്നിച്ചു് പോകുന്നില്ലല്ലൊ. എന്നാൽ നിങ്ങൾ—വൃദ്ധയും അശക്തയുമായ നിങ്ങൾ! എങ്ങിനെയുള്ള ചെരുപ്പുകളായിരിക്കും നിങ്ങൾ അണിയുന്നതു്? നിങ്ങളുടെ എടുപ്പു ഏതുകൊണ്ടുണ്ടാക്കിയതാണു്? നിങ്ങളുടെ ഇന്നത്തെ നിലയിൽ, നഗരം വിട്ടു കാട്ടിൽപ്പോയിത്താമസിക്കാൻ വയ്യ. നിങ്ങൾ ഒരു കൊച്ചു ചെന്നായ്ക്കുട്ടിയല്ല. നിങ്ങളുടെ സ്വദേശമെവിടെയാണു്?"

"വളരെ ദൂരെയാണു്. കടലിന്നടുത്തു."

"ഹാ! കടലോ, അതെവിടെയാണെന്നും എങ്ങിനെയാണെന്നും എനിക്കറിഞ്ഞുകൂടാ. പക്ഷെ നിങ്ങളുടെ സ്വദേശത്തു തന്നെവേണം നിങ്ങൾ താമസിക്കുന്നവാൻ." "സ്ലാസെനിജയമ്മേ, എനിക്കതിന്നു കഴിഞ്ഞില്ല; അതുകൊണ്ടു എനിക്കു വലിയ പരിതാപമുണ്ടു്. എനിക്കിവിടെനിന്നും പോകേണ്ടതായിവന്നു."

"ഏ? ശരി, ഒരുപക്ഷെ നിങ്ങൾ പറയുന്നതു ശരിയായിരിക്കാം. എന്തായാലും കുറച്ചിരിക്കൂ."

അവൾ ചുമരിൽനിന്നു ബോഡ് പൊന്തിച്ചു് ആ പഴുതിൽനിന്നു ഒരു പൊതിയെടുത്തു. അതു കാപ്പിയായിരുന്നു. അവരുടൻതന്നെ കാപ്പിയുണ്ടാക്കാൻ ആരംഭിച്ചു.

സ്ലാസെനിജയമ്മയുടെ കുടിലിൽ ഞാൻ മൂന്നു ദിവസം താമസിച്ചു. പ്രധാനമുറിയിൽനിന്നു അവൾ എല്ലാ സാമാനങ്ങളും ഒഴിച്ചു; എല്ലാവരേയും പുറത്തെയച്ചു. ഞാൻ മുറിയുടെ മൂലയിൽ എന്റെ ക്യാമ്പുകട്ടിലിൽ കിടന്നു; അവർ അടുത്തു തന്നെ മരപ്പലക കൊണ്ടുണ്ടാക്കിയ ഒരു കട്ടിലിലും അവരോടു തൊട്ടുതന്നെ, കൊച്ചുകുഞ്ഞു ഉറങ്ങുന്ന ആ തൊട്ടിലും ഉണ്ടായിരുന്നു.

പകൽമുഴുവനും അവൾ പ്രവൃത്തിയെടുത്തുവന്നു. ചിലപ്പോൾ ചക്രത്തിരിച്ചു നൂലെടുക്കുകയായിരിക്കും; മററുചിലപ്പോൾ ചുള്ളൽ വിറകുകൾ കെട്ടും, പശുക്കളെ തോട്ടത്തിൽ തീററി നടത്തും, കുട്ടിയെ താരാട്ടും, ലാസർ, പാർട്ടിസന്മാർക്കു വേണ്ടി എല്ലാം ചെയ്യുന്നതില്ലേ എന്നന്വേഷിക്കും മററും, മററും. ഞങ്ങൾക്കു വേണ്ടി തന്റെ സ്നുഷയെക്കൊണ്ടുകൂടി ഞങ്ങൾക്കു വേണ്ടി വിറകു കൊണ്ടിരിക്കുകയും, വെള്ളം കോരിക്കുകയും, അപ്പമുണ്ടാക്കിക്കുകയും, ഞങ്ങളുടെ തുണികൾ തിരുമ്പിക്കുകയും ചെയ്യു.

* * *

ഞങ്ങൾ വീണ്ടും സമരങ്ങൾ ആരംഭിച്ചു; ശത്രുവിന്റെ വെടിയുണ്ടകൾ ഞങ്ങളുടെ പിൻഭാഗത്തുകൂടെ പാഞ്ഞിരുന്നു പലപ്പോഴും, ഞങ്ങൾക്കു തോററു പിന്മാറേണ്ടി വന്നു. കഷ്ടകാലങ്ങൾ: ഞങ്ങൾ കുതിരപ്പുറത്തുകൂടി പല പുഴകളും, തോടുകളും, ഒക്കെ പിന്നിട്ടു. ഇടയ്ക്കു വെറും വസ്ത്രോൽമാത്രം ഞങ്ങളും കുതിരകളും പ്രാതലായിക്കഴിച്ചു.

ഒരിക്കൽ ഞാൻ ശത്രുകളുടെ പിന്നണിയിൽപ്പെട്ടു. എനിക്കു ആടുമാടുകൾക്കുള്ള തൊഴുത്തിൽ രക്ഷപ്രാപിക്കേണ്ടിവന്നു.

"ഹേ സഖാവേ, നിങ്ങൾക്കു കുറച്ചു പാല് വേണോ?"

ഞാനതിശയിച്ചു പിന്നോക്കം നോക്കി. അതു പശുക്കളെ തെളിച്ചുവരുന്ന സ്ലാസെനിജയമ്മയായിരുന്നു. എങ്ങിനെ അവരവിടെ വന്നു ചേർന്നുവെന്നു ഞാൻ ചോദിച്ചു.

"അതേ, നിങ്ങൾ പോയപ്പോൾ വേറെയും ചിലർ വന്നു. നിങ്ങൾ എങ്ങിനെയുള്ള കൂട്ടരാണെന്നു ഞങ്ങൾ മനസ്സിലാക്കിയപ്പോൾ, ഞങ്ങൾ പശുക്കളെ തൊഴുത്തിൽനിന്നു പുറത്തുവിട്ടു. എന്റെ സ്നുഷ(മകന്റെ ഭാര്യ) അവളുടെ ബന്ധുക്കളുടെ അടുത്തേക്കു പോയിരിക്കുന്നു; ഞാൻ നിങ്ങളുടെ കൂട്ടത്തിലേക്കും പോന്നു. നിങ്ങൾക്കു ഇതിൽ ചേർന്നു പ്രവർത്തിക്കാമെങ്കിൽ എനിക്കും സാധിക്കും. ഇല്ലേ? എന്റെ പൌത്രൻ ശ്രേടൻ പാർട്ടിസന്മാരുടെകൂടെയാണെന്നു കേട്ടു. ഒരു പക്ഷെ എനിക്കു അവനെ കാണുവാൻ സാധിക്കുമെന്നും ഞാൻ വിചാരിച്ചു." പിന്നെത്തെ രണ്ടു ദിവസങ്ങളിലും, ആക്കു് വേണ്ടിയും എപ്പോൾ വേണമെങ്കിലും പശുവിനെ കറക്കുന്നതിന്നു അവർ തയ്യാറായിരുന്നു. എനിക്കറിഞ്ഞുകൂടാ, അന്നത്തെ ഭയങ്കര സമരത്തിന്നുശേഷം അവരും ജീവരക്ഷ നേടിയോ എന്നു്. ഞാനവരെ പിന്നീടൊരിക്കലും കണ്ടിട്ടില്ല.

# സോവിയററുനാട്ടിലെ സമരപത്രങ്ങൾ

അയാൾ അവിടെ എത്തിയപ്പോൾ പാതിരയായിരുന്നു. കാലുവെപ്പുശബ്ദം കേട്ടപ്പോൾ സൈനികനികേതത്തിലെ കാവൽക്കാരനായ ഭടൻ വിളിച്ചുചോദിച്ചു: "ആരവിടെ?" രോമത്തൊപ്പിയും ആട്ടിൻതോൽകുപ്പായവും ഒച്ചപ്പാടുണ്ടാക്കാത്ത ബൂട്സും അണിഞ്ഞിരുന്ന ആ അപരിചിതൻ അടുത്തുവന്ന ഭടനോടു അന്വേഷിച്ചു "ഇവിടുത്തെ പട്ടാളത്തലവൻ ആരാണ്?"

"ഞാൻതന്നെ" ഗ്രുസറേവ് പറഞ്ഞു.

യാതൊന്നും പറയാതെ ആഗതൻ തന്റെ വിശ്വാസപ്രമാണങ്ങൾ ഗ്രുസറേവ് വശം കൊടുത്തു. ആ റിക്കാർട്ടിൽനിന്നു ആയാൾ ഗൊലാ സംഘത്തിന്റെ ഒരു ദൂതനാണെന്നു മനസ്സിലാക്കാം. പോക്കററിൽനിന്നു ഒരു കെട്ടു കടലാസ്സുകൾക്കൂടെ എടുത്തു അയാൾ നീട്ടിപ്പിടിച്ചു. പട്ടാളഉദ്യോഗസ്ഥന്മാർ ആയാളോടു ജർമ്മൻസൈന്യങ്ങളെപ്പററിയുള്ള വർത്തമാനങ്ങൾ അന്വേഷിച്ചപ്പോൾ വീണ്ടും ആ കടലാസ്സുചുരുളുകൾ നീട്ടിപ്പിടിച്ചുകൊണ്ട് ആയാൾ പറഞ്ഞു: "ഇതു നിങ്ങളുടെ ചോദ്യങ്ങൾക്കു മറുവടി പറയും."

ഒരു റഷ്യൻ സ്കൂൾകുട്ടിയുടെ കോപ്പിപുസ്തകത്തിൽനിന്നു ചീന്തി എടുത്ത ചില കടലാസ്സുതുണ്ടുകളായിരുന്നു അവ. ആദ്യത്തെ പേജിന്റെ മുകളിലായി ഗ്ഡോഫാർമർ (ഗഡോവിലെ കൃഷിക്കാരൻ എന്നർത്ഥം) എന്നച്ചടിച്ചിരുന്നു.

"ഇതു ഞങ്ങളുടെ ഗൊറില്ലാ വർത്തമാനപത്രമാണ്" അയാൾ വിശദീകരിക്കാനാരംഭിച്ചു: "ഇതിലെ അച്ചടികൾ വായിക്കുവാൻ വളരെ എളുപ്പമല്ല. പക്ഷെ ഗഡോവിലെ ജനങ്ങൾ ഇതിലെ ഓരോ വാക്കുകളും വായിച്ചുവരുന്നു. അവരുടെ ജീവിതത്തിൽ ഇത്ര ശുഷ്കാന്തിയോടും, ജിജ്ഞാസയോടയും മറെറാന്നുംതന്നെ അവർ ഒരിക്കലും വായിച്ചിട്ടുണ്ടായിരിക്കയില്ല. ചുരുങ്ങിയതു ഇരുപതു കുടുംബങ്ങൾ കൈമാറി ഇതു വായിക്കുന്നു. അവസാനത്തെ വായനക്കാരൻ എന്നെങ്കിലും ഒരിക്കൽ തന്റെ പൌത്രന്മാർക്കു കാണിച്ചുകൊടുക്കുന്നതിന്നുവേണ്ടി തീർച്ചയായും അതു സൂക്ഷിക്കും.

ഞാൻ എന്നെ സ്വയം പരിചയപ്പെടുത്തട്ടെ. ഞാൻ വെറും ഒരു സന്ദേശവാഹകൻ മാത്രമല്ല. യുദ്ധത്തിന്നുമുമ്പു 'ഗ്ഡോഫാർമറി'ന്റെ പത്രാധിപരായിരുന്നു ഞാൻ. ഇന്നും ഞാനീപത്രം നടത്തുന്നുണ്ട്. പക്ഷെ കാട്ടിന്നുള്ളിൽ ഒളിഞ്ഞിരുന്നിട്ടാണെന്നുമാത്രം.

ജർമ്മൻകാർ ഗഡോവിൽ പ്രവേശിച്ചപ്പോൾ ഗെറില്ലകളെല്ലാം കാടുകളെ ശരണം പ്രാപിച്ചു. അവിടെനിന്നു നാസികളെ ഉപദ്രവിക്കുവാൻ തുടങ്ങി.

ഞങ്ങളുടെ അത്യാശ ജർമ്മൻ പ്രചരണത്തെ തടുക്കുന്നതിന്നു ഒരു പത്രം വേണമെന്നതായിരുന്നു. ഞങ്ങൾക്കു അച്ചുകളോ, മഷിയോ, കടലാസ്സോ, അച്ചുകൂടമൊ ഉണ്ടായിരുന്നില്ല. അതുകൊണ്ടും ഞങ്ങൾ നിരാശപ്പെട്ടില്ല. ഞങ്ങൾക്കു ആദ്യത്തിൽ യുദ്ധം ചെയ്യുന്നതിന്ന് ആയുധങ്ങളോ വെടിമരുന്നോ ഇല്ലായിരുന്നു. അവയൊക്കെ ഞങ്ങൾ യുദ്ധംചെയ്തു സമ്പാദിച്ചു. ഒരച്ചുകൂടം പിടിച്ചുപററുന്നതിന്നു തീർച്ചപ്പെടുത്തി ഞങ്ങൾ ലാക്കുവെച്ചുനടന്നു.

യുദ്ധത്തിന്നുമുമ്പ് "ഗ്ഡോവ്ഫാർമർ" അച്ചടിച്ചിരുന്ന ആ ഇടത്ത്, 70 നാഴിക ദൂരെ, ഒരു കയ്യച്ചുകൂടം (ഹാൻറ് പ്രസ്സ്) ഉണ്ടെന്ന വിവരം ഞങ്ങൾക്കു കിട്ടി. 70 നാഴിക ദൂരം ഞങ്ങൾ നടന്നുപോയി, നഗരത്തിൽ ആരും അറിയാതെ പ്രവേശിച്ചു. ആ അച്ചുകൂടം മോഷ്ടിച്ചു. പക്ഷെ ഘനമുള്ള ആ യന്ത്രം എടുത്തുകൊണ്ടുവരുന്ന കൃത്യം എളുപ്പമായിരുന്നില്ല. ഒരുവിധത്തിൽ ഞങ്ങൾക്കതും സാധിച്ചു. നഗരവാസികൾ ഞങ്ങൾക്കു മഷി കൊണ്ടുവന്നുതന്നു. കുട്ടികൾ കഴിയുന്നത്ര നോട്ടുപുസ്തകങ്ങൾ ശേഖരിച്ചു രഹസ്യമായി ഞങ്ങൾക്കു നൽകി.

ഞങ്ങളുടെ പത്രം നടത്തുന്ന ആഫീസ് കാട്ടിൽ മരക്കൊമ്പുകൾകൊണ്ടും, ഇലകൾകൊണ്ടും മേഞ്ഞ മേൽപുരയോടുകൂടിയ ഒരു കുടിലായിരുന്നു. പത്രത്തിലെ ഉള്ളടക്കങ്ങൾ മിക്കവാറും ഞാൻ തന്നെയാണ് എഴുതിയിരുന്നത്. റേഡിയോവിൽനിന്നു കിട്ടുന്ന വർത്തമാനങ്ങൾ, തങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഗൊറില്ലകൾ പറയാറുള്ള സംഗതികൾ, ജർമ്മൻ പട്ടാളക്കാരുടെ ദുർന്നയങ്ങളെയും തോന്നിവാസങ്ങളേയും പററിയുള്ള ഗ്രാമീണരുടെ വിവരണങ്ങൾ,—ഇവയെ അടിസ്ഥാനപ്പെടുത്തിയായിരുന്നു വിഷയങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നത്.

എന്റെ പത്രമാപ്പീസ്സിലെ കമ്പോസിറററും പ്രിൻറരും ഞാൻ തന്നെയായിരുന്നു. അച്ചു നിരത്തി ശരിപ്പെടുത്തുക എന്ന ജോലി മഞ്ഞുകാലത്തു ഏററവും വിഷമമേറിയ ഒന്നാണ്. ലോഹംകൊണ്ടുള്ള അച്ചുകൾ തണുത്തു മരവിച്ചിരിക്കുന്നു. അവ നിരത്തുന്നതിന്നു അവയെ എന്റെ പല്ലുകൊണ്ടു കടുപ്പമുള്ളതാക്കേണ്ടിവന്നു. ചിലപ്പോൾ തണുത്ത അച്ചുകൾ എന്റെ വിരൽത്തുമ്പിലെ തൊലി ഉരിച്ചുകളയും.

മഷി കുറച്ചേ ഉണ്ടായിരുന്നുള്ളു. അതു പിശുക്കിച്ചെലവാക്കുന്നത്, തന്മൂലം അത്യാവശ്യമായി. കുറെ വെള്ളമൊഴിച്ച് മഷിയുടെ കട്ടികുറച്ചു. അച്ചടി വളരെ മങ്ങിയതായി." ആയാൾ തുടർന്നു.

"എന്നാലും വായിക്കാൻ സാധിക്കും, അതേ ആളുകൾ വായിച്ചുവരുന്നുമുണ്ട്. ഞങ്ങളുടെ മനോധൈര്യത്തെ ഉത്തേജിപ്പിക്കുന്നതിന്നു ഏററവും വലിയ ഒരുപകരണമായിത്തീർന്നു; ഗെറില്ലാസേനയിലേക്കു വളരെയധികം ആളുകളെ ചേർത്ത റിക്രൂട്ടിങ്ങ് ആഫീസറും ഈ പത്രം തന്നെയാണ്. അപ്പോൾ, ഞാൻ പോകട്ടെ, എനിക്കു ഗ്ഡോവ് ഫാർമർ പ്രസിദ്ധപ്പെടുത്താനുണ്ട്".

* * * *

റഷ്യയിൽ പോരാടുന്ന പത്രങ്ങൾ വളരെയുണ്ട്. 150 പ്രതികൾ മാത്രം ചെലവുള്ള ഗ്ഡോവ് ഫാർ മുതൽ 15,000,000 പ്രതികളോളം ചെലവുള്ള "ഫോർ ദി സോവിയററ് ഉക്രേൻ" എന്ന പത്രങ്ങൾവരെ ഇതിലടങ്ങും. സാമാന്യഗുണം തികഞ്ഞ വളരെയധികം മാസികകളും, വാരികളും വേറേയുമുണ്ട്. "ദി ബൈലോ റഷ്യൻ ബാനർ" എന്ന പത്രികയിലെ പ്രധാനികളായ 34 ലേഖകന്മാർ ഗൊറില്ലാ സൈന്യത്തിലുള്ളവരാണ്.

ജർമ്മൻകാർക്കധീനത്തിലുള്ള പ്രദേശങ്ങളിൽ ഈ പത്രങ്ങൾ വിതരണം ചെയ്യുക ചില്ലറപ്പണിയൊന്നുമല്ല. നീപ്പറിന്റെയും, ഡിവിനയുടെയും ചുററിലും ഉള്ള പാറപ്രദേശങ്ങളിൽ മുക്കയന്മാർ ചുററിത്തിരിഞ്ഞു നടക്കാറുണ്ട്. അവർ അന്വേഷിച്ചു നടക്കുന്ന നിധികൾ കടലാസ്സുചുരുളുകൾ ഒതുക്കിവെച്ച കുപ്പികളാണ്. ഗോറില്ലകൾ ഇങ്ങിനെ നൂറുകണക്കിൽ "കുപ്പികൾ, ഈ നദികളുടെ ഉയർന്ന തീരങ്ങളിൽ കൊണ്ടുവെക്കുന്നു. "മീൻപിടുത്തക്കാരാവട്ടെ", ഇവ സാധാരണ ജനങ്ങളും, സൈന്യങ്ങൾക്കും, പത്രങ്ങൾക്കും ഇടയിൽനിന്നു അവരെ യോജിപ്പിക്കുന്ന ചങ്ങലക്കണ്ണികളുമാണ്. ഉക്രേനിയൻ ഭാഷയിലും, ബൈലോ റഷ്യൻ ഭാഷയിലു

## ഇന്ത്യൻഭടൻ

(പരയങ്ങാട്ട് കുഞ്ഞിരാമൻ, കണ്ണൂർ)

"ഈ കവിത ഒരു ഭടന്റെ പോർവിളിയാകയാൽ ഇതിൽ കവിതയ്ക്കുണ്ടാകേണ്ട സുവർണ്ണപ്പകിട്ടു ലവലേശം ഇല്ല എന്നു എനിക്കു നല്ല വിശ്വാസമുണ്ട്. ഭടന്മാർ പണ്ഡിതന്മാരും സാഹിത്യകാരന്മാരും ആയിരിക്കുക സാധാരണമല്ലായ്കയാലാണ് ഞാനും ഒരു നാടൻ ഭടനായി ഇത്തരം ഒരു കവിത രചിച്ചത്" രചയിതാവിന്റെ ഈ അഭിപ്രായത്തിലേക്കു ഞങ്ങൾ വായനക്കാരുടെ ശ്രദ്ധയെ ക്ഷണിക്കുന്നു; അതോടൊപ്പം മാന്യനായ അദ്ദേഹത്തിന്റെ അഭിപ്രായത്തിന്നു അർഹിക്കുന്ന ആദരവു കൊടുത്തുകൊണ്ടുവേണം പദ്യശകലം വായിപ്പാനെന്നും പ്രസ്താവിക്കട്ടെ. യു. സ പ.]

കള്ളക്കഴുവേറികളെ! ജപ്പാൻ-
പടയാളികളേ! കരുതിക്കോ

മർമ്മജ്ഞൻ ഞാനിന്ത്യൻ പടയിൽ
ഭടനായ് നിങ്ങൾ തലകൊയ്വാൻ

വെല്ലും, പിന്നെത്തല്ലും, പിന്നെ-
ക്കരഖഡ്ഗത്താൽ കൊല്ലും ഞാൻ

അഞ്ചിഞ്ചിൽ പരമാഴത്തോളം
നെഞ്ചത്തേററും കരവാൾ ഞാൻ

പിടയും നിങ്ങൾ, കരപാദങ്ങൾ
മുറിയും, ദൂരത്തെറിയും ഞാൻ

ചുടുരക്തത്തിൻ പുഴകൾ നൂറാ-
യൊഴുകും നിങ്ങൾ ശവമൊപ്പം

അതിധീരൻ ഞാൻ കരവാൾ ചൂണ്ടി-
ക്കുതികൊള്ളുമ്പോളഹ നിങ്ങൾ

വിറയും നൂനം, കുറയും ധൈര്യം
മമ ഖഡ്ഗത്താൽ മൃതരാവും

കണ്ണും കാതും കരളും പോകും
കഴുവേറികളേ! കരുതിക്കൊ

മമ ഭൂവിങ്കൽ പദമൂന്നാനായ്
കൊതിയേണ്ടാ ഹേ തുനിയേണ്ട!

# അവർ ചോദിച്ചപ്പോൾ

(പി. കെ. കുഞ്ഞിരാമൻ പണിക്കർ)

(ഗാഥ)

പച്ചപിടിച്ച പറങ്കിമാവിൻ ചോട്ടിൽ
ഉച്ചക്കിരുന്നിരുപെൺമണിമാർ
പുച്ഛസ്വരത്തിങ്കൽ ദേവകി ചോദിച്ചി-
തച്ചാരുഗാത്രിയാം തോഴിയോടായ്,
"അല്ലയോ കല്യാണിയെത്രനാൾ വീണ്ടുമി
വല്ലായ്മ ഭർത്തൃവിയോഗത്തിൽ നീ
വെച്ചു പുലർത്തും, പുതുമണം പോയ്പോയ
പിച്ചകത്തിൻ മലർ ചെണ്ടെന്നപോൽ".
പെട്ടെന്നവൾ ഞെട്ടിയോതിയിതേവിധ-
മുത്തരം പാരം കൃതാർത്ഥയായി,
"ദേവകിനിന്റെ കുറുകിയ ബുദ്ധിയിൽ
മേവും വിചാരങ്ങളെത്ര തുച്ഛം.
ചാരിത്രശുദ്ധികടഞ്ഞെടുത്തുള്ളതീ
ഭാരതസ്ത്രീകൾ തൻ ജീവരക്തം
മാലിന്യമേലാത്ത മാതൃകശക്തിയിരുൻ
ആലംബമാണല്ലോ ജീവിതങ്ങൾ
മിന്നൽ പടകളിൽ മുന്നിലാണെൻവരൻ
എങ്കിലുംതെല്ലു കുലുങ്ങീടാതെ,
മന്ദസ്മിതം തൂകി ജംപ്പേ പരാജയം.
സന്നതാംഗി നിത്യം കാത്തിരിപ്പൂ."

(ശുഭം)

മുള്ള അനവധി പത്രങ്ങൾ ഇതേ വിധത്തിൽ "മീൻപിടുത്തക്കാരുടെ" സഹായത്തോടെയാണ് ജനങ്ങൾക്കു കിട്ടുന്നതു്.

പന്ത്രണ്ടു ഭാഷകളിൽ സമരപത്രങ്ങൾ പ്രസിദ്ധം ചെയ്തുവരുന്നു. ജമ്മൻ ഭാഷയിലും കൂടെ പ്രസിദ്ധം ചെയ്തുവരുന്നുണ്ടു്. വാക്കുകൾ കൊണ്ടുള്ള സമരത്തിൽ റഷ്യക്കാരനെപ്പോലെ തന്നെ ജമ്മൻകാരനേയും ഉന്നം വെച്ചിട്ടുണ്ടു്. സ്റ്റാലിന്റെ പ്രസംഗത്തോടൊപ്പം ചർച്ചിലിന്റെയും റൂസ്‌വെൽട്ടിന്റെയും പ്രസംഗങ്ങളും പ്രസിദ്ധീകരിക്കപ്പെടുന്നുണ്ടു്. ചിലപ്പോൾ, പത്രം വായനക്കാരെ ഹിററ്ലരുടെ വാക്കുകൾ കൂടി ഉദ്ധരിച്ചുകാണിച്ചു ഓർമ്മിപ്പിക്കും. എല്ലാ സേനാവിഭാഗത്തിനും അതിന്റെ സ്വന്തമായ ഒരു പത്രം ഉണ്ടു്. എല്ലാ പ്രധാന യുദ്ധരംഗത്തിലും, ചുവപ്പുസേന പ്രസിദ്ധം ചെയ്തുവരുന്ന ഒരു ദിനപത്രം നല്കപ്പെട്ടുവരുന്നു. ഇവയുടെ എല്ലാം മുത്തച്ഛനാണ് 'റെഡ് സ്റ്റാർ'. ഇതു ചുവപ്പു സേനയുടെ പ്രധാന മുഖ പത്രമാണ്. കമ്യൂണിസ്റ്റ് പാർട്ടിയുടെ മുഖപത്രമായ പ്രവ്ദയെക്കഴിച്ചാൽ, പിന്നീടു കൂടുതൽ പ്രാമുഖ്യമുള്ളതു റെഡ് സ്റ്റാറിന്നാണ്. അതിലെ ലേഖകന്മാരിൽ പലരും റഷ്യയിലെ സുപ്രസിദ്ധ ശാസ്ത്രകാരന്മാരും മേത്തരം സാഹിത്യകാരന്മാരും, സൈനിക വിദഗ്ദ്ധന്മാരുമാണ്. 'റെഡ് സ്റ്റാറി'ന്റെ കോളങ്ങളിൽ സുപ്രസിദ്ധ കാഥികനും നോവലെഴുത്തുകാരനുമായ മിക്കേൽ ഷോളൊഖോവിന്റെ തൂലികാവിലാസങ്ങളുണ്ടാവും; റഷ്യൻ എഴുത്തുകാരിൽ മുമ്പനായ അലക്സി ടോൾസ്റ്റോയ്, കോൺസ്റ്റാൻട്ടിൽ സിമനോവ് തുടങ്ങിയവരുടെ ലേഖനങ്ങളും ഉണ്ടായിരിക്കും. 'റെഡ് സ്റ്റാറി'ലെ പല എഴുത്തുകാരും യുദ്ധമുന്നണിയിലേക്കു പോവുന്നു. അതിന്റെ റിപ്പോർട്ടർമാക്കു സൈനികപരിശീലനം നല്കിവരാറുണ്ടു്. അവക്കു ആഫീസർമാരുടെ നിലയാണുള്ളതു്. അവർ റിപ്പോർട്ട് ചെയ്യുന്ന സമരങ്ങളിൽ അവരും ഭാഗഭാക്കുകളാകുന്നു. ഒരു "റെഡ് സ്റ്റാർ" പ്രതിനിധിയായിരുന്ന യൂജൻ പെട്രോവ്, സെബാസ്റ്റപ്പൂൾനിരോധത്തിൽ മരണമടഞ്ഞു. അലക്സാണ്ടർ പൊളേക്കോഫ്, ചതിക്കുഴിയിൽ പെട്ടെങ്കിലും പൊരുതി രക്ഷപ്പെട്ടു; പക്ഷെ സ്റ്റാലിൻഗ്രാഡിലെ വിശ്വവിശ്രുതമായ സമരത്തിൽ അദ്ദേഹം വീരമൃത്യുവരിച്ചു. മറെറാരു "റെഡ് സ്റ്റാർ" ലേഖകൻ ബോറിസ് യെംപോൾസ്കി (കഴിഞ്ഞ ലക്കം യുദ്ധസഞ്ചികയിൽ പ്രസിദ്ധം ചെയ്തിട്ടുള്ള "ഗെറില്ല ഡോക്ടർ" ഇദ്ദേഹത്തിന്റെ തൂലികയിൽ നിന്നു പ്രവഹിച്ചതാണ്. യു. സ. പ,) നാസികൾക്കധീനമായ ഉക്രേയ്നിൽ കൂടെ ഒരു കഥ കിട്ടുവാനായി 600 നാഴിക അലഞ്ഞുനടന്നു; അദ്ദേഹത്തിന്നു ഈ സഞ്ചാരത്തിൽ പാദരക്ഷയും കൂടി ഉണ്ടായിരുന്നില്ല; കാരണം അവ ജമ്മൻകാർ പിടിച്ചുവാങ്ങിയിരുന്നു.

'റെഡ് സ്റ്റാറി'ന്നുവേണ്ടി ചെയ്യുന്ന പ്രവർത്തനങ്ങൾക്കു പുറമെ പല ലേഖകന്മാരും "സഞ്ചരിക്കുന്ന പത്രങ്ങൾ" പ്രസിദ്ധപ്പെടുത്തിവരുന്നു. ഈ "സഞ്ചരിക്കുന്ന പത്രങ്ങൾ" പലപ്പോഴും സോവിയററ് സേനയുടെ വിജയങ്ങളെ പെട്ടെന്നു് മററുള്ളവരെ അറിയിക്കുന്നതിന്നു വളരെയധികം പ്രയോജനപ്പെടാറുണ്ടു്. ഇന്നു ഒരു പടച്ചാലിൽ ഒരു അച്ചടിയന്ത്രം കണ്ടു മുട്ടിയാൽ ഒരു റഷ്യൻ ഭടന്നു അതു അത്ഭുതമായി തോന്നുകയില്ല. ലോറിയിലും, തീവണ്ടികൾ, യുദ്ധരംഗത്തിന്റെ തൊട്ടു പിന്നിലുള്ള കാടുകൾ ഇവയിലൊക്കെയും അച്ചടിയന്ത്രങ്ങളും, പത്രത്തിന്നു വേണ്ട ഉപകരണങ്ങളും കാണാവുന്നതാണ് "ഒരു പട്ടാളക്കാരനും ഒരു പത്രത്തിന്റെ പ്രതിയില്ലാതിരിക്കയില്ല" ഒവാഡി സാവിച്ചു എഴുതുന്നു, "ഫൈററ് ഫോർ ദി മദർലാൻറ്" "ഫോർവേഡ് ടു ബാററിൽ", "ഫോർ കൺട്രി," "റെഡ് ആർമ്മി ട്രൂത്ത്" ഈ പത്രങ്ങൾ സൌജന്യമായി വിതരണം ചെയ്യപ്പെടുന്നു. യുദ്ധരംഗത്തിന്റെ തൊട്ടടുത്തു വെച്ചാണ് ഇവ അച്ചടിക്കുന്നതു്. വെടിയുണ്ടകൾക്കിടയിൽവെച്ചാണ് വിതരണം ചെയ്യുന്നതു്. ഗെറില്ലാ സംഘങ്ങൾക്കു വിമാനമാർഗ്ഗമായി കാടുകളിലെത്തിച്ചുകൊടുക്കപ്പെടുന്നു".

ഒരു റെഡ് സ്റ്റാർ പ്രതിനിധിയും, സഞ്ചാര പത്രങ്ങളുടെ പത്രാധിപ സമിതിയിലെ ഒരംഗവുമായ അലക്സി ടെടിയകോവ് ഒരു പത്രമാപ്പിസിനെപ്പററി ഇങ്ങനെ വിശദീകരിക്കുന്നു:

"വിഷമതകൾക്കിടയിൽത്തന്നെ ഇരുന്നു ജോലി ചെയ്യുന്നതിന്നു ഞങ്ങൾ പഠിച്ചിട്ടുണ്ടു്. ഞങ്ങൾ 30 നാഴികയോളം ചിലപ്പോൾ ഒരു ലോറിയിലിരുന്നു തന്നെ പ്രവർത്തിക്കുന്നു. ഞങ്ങളുടെ എഴുത്തുകാരനായ ഇവാൻ ആൽട്സൺ, ഒരിക്കൽ ഒരു ദിവസത്തിൽ അഞ്ചു ആക്രമണങ്ങൾ നടത്തിയ ഒരു സേനാവിഭാഗത്തിലായിരുന്നു. ആർട്സൺ ചിലപ്പോൾ പദ്യവുമെഴുതും. മാത്രമല്ല, ലോറികളിൽനിന്നു സാമാനമിറക്കുന്നതു പരിശോധിക്കും: പലപ്പോഴും കമ്പോസിറററുടെ പണിയും, ആവശ്യം വന്നാൽ, ചെയ്യും. ഞങ്ങളുടെ അച്ചുക്കൂടം വഹിച്ചു പോകുന്ന ലോറിയിലെ ആൻറി എർക്രാഫ്ട് തോക്കുപയോഗിക്കാനും അദ്ദേഹത്തിന്നു പരിചയമുണ്ടു്.

രണ്ടു പ്രാവശ്യം ഞങ്ങൾ ശത്രുക്കളാൽ വളയപ്പെട്ടു: പക്ഷെ പോരാടി രക്ഷപ്പെടുകയും ചെയ്തു. ഞങ്ങൾ ഒരിക്കൽ രണ്ടു ടാങ്കു സമരങ്ങൾക്കു വിധേയരായി; അസംഖ്യം ആകാശാക്രമണങ്ങൾ ഞങ്ങൾ സഹിച്ചിട്ടുണ്ടു്. എന്നാലും ഞങ്ങളുടെ പട്ടാളക്കാരുടെ സൌകര്യത്തിന്നും, സുഖത്തിന്നും വേണ്ടി ഞങ്ങൾ ദിനംതോറും പത്രം പുറത്തിറക്കുന്നു. 'യുദ്ധത്തിലെ ധീരോദാത്തന്മാർ' എന്ന തലക്കെട്ടിന്നു കീഴിൽ, ഞങ്ങൾ ധീരന്മാരെയും, പരാക്രമികളേയും ശ്ലാഘിക്കുന്നു. അവരുടെ വീര്യപരാക്രമങ്ങളെ പ്രശംസിച്ചെഴുതിയ അതേ പേജിൽത്തന്നെ, പട്ടാളക്കാരുടെ ആവലാതികളും, നിരൂപണങ്ങളും ചേർത്തു വരുന്നു. നേരംപോക്കിൽ, ഭടന്മാക്കു ബുദ്ധിമുട്ടല്ലഘുവായിത്തോന്നാറുണ്ടു്."

"100,000 മരങ്ങളുള്ളേടത്തു ഒരു മനുഷ്യനുണ്ടു്" എന്ന ഒരു പഴഞ്ചൊല്ലാൽ പ്രസിദ്ധമായിരുന്ന ഒരു കാട്ടിന്നുള്ളിലുള്ള ഒരു പത്രപ്രസിദ്ധീകരണശാലയെപ്പററി മാറിയ ഷാക്കാവ്സ്കയ ഇങ്ങനെ വിവരിക്കുന്നു: 'ഇന്നവിടെ ഓരോ മരത്തിലും ഓരോ മനുഷ്യരുണ്ടു്. രണ്ടു പൈൻമരങ്ങൾക്കിടയിൽ മണ്ണിലേയ്ക്കു താഴ്ത്തിയ കാലുകളോടുകൂടിയ കസേരയും മേശയും ഉണ്ടു്. മേശക്കരികിൽ ഇരിക്കുന്നതു മാനേജിങ്ങ് എഡിററരാണ്. അദ്ദേഹം അക്ഷീണനാണ്. തോക്കുകൾ ഗർജ്ജിക്കുന്നുണ്ടാവാം, വിമാനാക്രമണ മുൻകരുതൽ ശബ്ദം പ്രതിദ്ധ്വനിക്കുന്നുണ്ടാവാം, അല്പം വാരകൾ അകലെ വെടിയുണ്ടകൾ പാഞ്ഞുപോകുന്നുണ്ടായിരിക്കാം, എന്തായാലും, പത്രം പുറത്തുവരണം!'"

"പത്രാധിപരെ കാണാനില്ല. കഴിഞ്ഞ അഞ്ചു ദിവസങ്ങളോളമായി അദ്ദേഹത്തെപ്പററി യാതൊരു വർത്തമാനവുമില്ല. ഒരു റിപ്പോർട്ടർക്കു മുറിയേററിരിക്കുന്നു. മറെറാരാൾ, ശത്രുരംഗത്തിന്നു പിന്നിൽ കുടുങ്ങിപ്പോയി. എന്നാലും ഭടന്മാക്കും ഗ്രാമനിവാസികൾക്കും വായിക്കുന്നതിന്ന് കൃത്യസമയത്തു പത്രം പ്രസിദ്ധപ്പെടുത്തുന്നു."

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.